കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടുമൺ ഗ്രാമപ്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2018-19

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

***ഭരണഭാഷ-മാതൃഭാഷ***

കെ.എസ്.എ.പിറ്റിഎ.പി10/783/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645

ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 10.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
കൊടുമൺ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: കൊടുമൺ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമൺ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി 10/783/2019 തീയതി: 10.10.2019

**പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.08.18മുതൽ 18.08.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | **വിജയലക്ഷ്മി പി.കെ, ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2019 മുതൽ 30.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി വീണ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ദീപ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ശ്രീകുമാർ എസ്, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കുഞ്ഞന്നാമ്മ കുഞ്ഞ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ എം.ആർ. ശ്രീധരനുണ്ണിത്താൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ശാരദ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ലളിതാ രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. ഉദയകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ജോഷ്വാ | 01.04.2018 മുതൽ |

| | | |
|---|---|---|
| | ജേക്കബ് | 31.03.2019 വരെ |

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സിന്ധി എൽ. | 01.04.2018 – 23.07.2018 |
| | ശ്രീമതി ആദില എസ്. | 24.07.2018 – 31.03.2019 |
| വെറ്ററിനറി സർജൻ | ശ്രീ. അനിൽ രാജ് | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. ശ്രീരാജ് ആർ. | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രജികുമാർ | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മാലിനി | 01.04.2018 – 31.03.2019 |
| വി.ഇ.ഒ. | ശ്രീ. സജീവ് ആർ.എസ്. | 01.04.2018 – 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീ. ബിന്ദ സി.ബി. | 01.04.2018 – 31.03.2019 |
| ഹെഡ്മാസ്റ്റർ | ശ്രീ. രാജൻ ഡി. ബോസ് | 01.04.2018 – 31.03.2019 |
| അസി.എഞ്ചിനീയർ | ശ്രീ. നന്ദകുമാർ ആർ. | 01.04.2018 – 20.06.2018 |
| | ശ്രീമതി ദീപ്തി എൽ. | 21.06.2018 – 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീകല എസ്. | 01.04.2018 – 31.03.2019 |
| അസി.സെക്രട്ടറി | ശ്രീമതി സുമാഭായി അമ്മ ആർ. | 01.04.2018 – 21.06.2018 |
| | ശ്രീ. വേണു ബി. | 22.06.2018 – 20.11.2018 |
| | ശ്രീ. അനിൽകുമാർ ജി. | 21.11.2018 – 31.03.2019 |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും, രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ പൊതുവായ അപാകതകൾ, ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ വ്യക്തമായ നഷ്ടം, ക്രമക്കേടുകൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ വ്യക്തമായ ചെലവ് നഷ്ടം.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധം:</u>**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം. |
|---|---|---|
| | **<u>ഓഡിറ്റ് റിപ്പോർട്ട്</u>** | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7. | ക്ഷേമപദ്ധതികൾ | 1-7 |
| 8. | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9. | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12. | വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത | 1-12 |
| 13. | പെട്രോൾ പമ്പിന്റെ വസ്തുനികുതി നിർണ്ണയം- പുന:പരിശോധിക്കേണ്ടതാണ് | 1-13 |
| 14. | പാർപ്പിടാവശ്യത്തിന് വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 15. | പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു | 1-15 |
| 16. | തൊഴിൽ നികുതി പിരിവ്-അപാകതകൾ | 1-16 |
| 17. | കളക്ഷൻ തുകയെക്കാൾ കൂടുതൽ തുക സഞ്ചയയിൽ പോസ്റ്റ് ചെയ്തു | 1-17 |
| 18. | കൊടുമൺ റൈസ് - കാർഷികമേഖലയിൽ ഒരു പുതിയ പ്രതീക്ഷ | 1-18 |
| 19. | ഖരമാലിന്യ സംസ്കരണ പ്ലാന്റ് തുടർ പ്രവർത്തനം (പ്രോ.നം.S0041/19) – ക്രമവിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-19 |
| 20. | എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ (S00109) – പ്രോജക്ടിന് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല – ടെണ്ടർ ക്ഷണിക്കാതെ അമിത വില നൽകി ലൈറ്റുകൾ വാങ്ങി | 1-20 |
| 21. | പഞ്ചായത്ത് ഓഫീസും, കമ്മിറ്റി ഹാളും നവീകരിക്കൽ – SIDCO ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ ടെണ്ടർ ഒഴിവാക്കി നേരിട്ട് വാങ്ങിയത് | 1-21 |

| | | |
|---|---|---|
| | ക്രമവിരുദ്ധം | |
| 22. | ആയുർവേദ ആശുപത്രിക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും (പ്രോ.നം.S0113/19) – മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല | 1–22 |
| 23. | പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങൽ (S0207/19) – പദ്ധതി നടപ്പിലാക്കാതെ ഫണ്ട് പാഴാക്കി | 1–23 |
| 24. | പട്ടികജാതി കോളനികളിൽ സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ (പ്രോ.നം.S0132/19) – അംഗീകരിച്ച ടെണ്ടറിലെ നിരക്കിൽ അധികം തുക നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ 32760 രൂപ നഷ്ടം | 1–24 |
| 25. | നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് നൽകിയ ഇനത്തിൽ ഗണ്യമായ നഷ്ടം | 1–25 |
| 26. | വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ഇനത്തിൽ 2.5% തുക അധികം നൽകി | 1–26 |
| 27. | കുടുംബശ്രീ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് (പ്രോ.നം. S0242/19) – പദ്ധതി നടപ്പിലായില്ല – വികസന ഫണ്ട് വകമാറ്റി അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1–27 |
| 28. | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.82 കോടി രൂപ ലാപ്സായി | 1–28 |
| 29. | ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല | 1–29 |
| 30. | പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിൽ വീഴ്ച; റോഡിതര മെയിന്റനൻസ് ഗ്രാന്റ് 4.4 ലക്ഷം രൂപ ലാപ്സായി | 1–30 |
| 31. | എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1–31 |
| 32. | ദീർഘകാലമായി നടപ്പിലാകാതെ അവശേഷിക്കുന്ന മരാമത്ത് പ്രവൃത്തി | 1–32 |
| 33. | പർച്ചേയ്സ് - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1–33 |
| 34. | വൗച്ചറുകളുടെ പരിശോധന – വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്ന ചെലവുകൾ | 1–34 |
| 35. | മാലിന്യ നിർമ്മാർജ്ജന ചെലവ് - നടപടിക്രമങ്ങളിലെ വീഴ്ച | 1–35 |
| 36. | അംഗൻവാടി വർക്കർമാർക്ക് ഹോണറേറിയം നൽകുന്നതിന് വികസന ഫണ്ട് (എസ്.സി.പി.) ചെലവഴിക്കുന്നു | 1–36 |
| 37. | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1–37 |
| 38. | ഹരിത കർമ്മ സേനയുടെ പ്രവർത്തനം സുസംഘിടതമാക്കിയില്ല | 1–38 |
| 39. | കണ്ടം ചെയ്ത ട്രാക്ടർ ലേലം ചെയ്തില്ല | 1–39 |
| 40. | സേവന നികുതി ഒടുക്കിയില്ല | 1–40 |
| | <u>ഭാഗം –2</u><br><u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u> | |
| 41. | പറമ്പിൽപടി - പാണ്ടൂർ ഗുരുമന്ദിരം റോഡ് റീടാറിംഗ് (S0168/19) - ബാരൽ വില ഈടാക്കിയില്ല – പഞ്ചായത്ത് ഫണ്ടിന് 8430 രൂപയുടെ നഷ്ടം | 2–1 |
| | <u>ഭാഗം –3</u><br><u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u> | |
| 42. | അംഗീകരിച്ച ടെണ്ടറിലെ നിരക്കിൽ അധികം തുക നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ 37440 രൂപ നഷ്ടം | 3–1 |
| 43. | ടെണ്ടർ വ്യതിയാനം ബില്ലിൽനിന്നും കുറവ് ചെയ്തില്ല | 3–2 |
| | <u>ഭാഗം 4: പൊതു വിവരങ്ങളും, ഓഡിറ്റ് പ്രത്യവലോകനവും</u> | |
| 44. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4–1 |
| 45. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4–2 |
| 46. | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4–3 |
| 47. | | |

| | | |
|---|---|---|
| | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-4 |
| 48. | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 49. | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 50. | ഓഡിറ്റ് റിക്കവറി | 4-7 |
| 51. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 52. | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 53. | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 54. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബഡ്ജറ്റ്

2018-19വർഷത്തെ ബഡ്ജറ്റ് 26-03-18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2018-19-ലെ പദ്ധതി ഭേദഗതി ചെയ്തതനുസരിച്ച് ബഡ്ജറ്റ് പുതുക്കുന്നതിന് 14.03.19-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം (നം.12) എടുത്തിട്ടുണ്ടെങ്കിലും ബഡ്ജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 08.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13859585 |
| വരവ് | 106878165 |
| ആകെ | 120737750 |
| ചെലവ് | 85653917 |
| നീക്കിയിരിപ്പ് | 35083833 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | വർഷത്തെ ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 18583000 | 18583000 | 18583000 | 0 | 100 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 18250000 | 18250000 | 15471702 | 2778298 | 85 |
| വികസന ഫണ്ട് - റ്റി.എസ്.പി | 0 | 147000 | 147000 | 0 | 147000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8625000 | 8625000 | 7687790 | 937210 | 89 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 6325000 | 6325000 | 1708054 | 4616946 | 27 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 3960000 | 3960000 | 3659602 | 300398 | 92 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 1109006 | 24600417 | 25709423 | 18908511 | 6800912 | |
| ഡി.സി.ബി. (സാക്ഷരത) | 22067 | 0 | 22067 | 0 | 22067 | |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | 1148 | 83702 | 84849 | 71296 | 13554 | |
| ട്രഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ച്വർ) | 629583 | 11885316 | 12514899 | 3398778 | 9116121 | |
| കറന്റ് അക്കൗണ്ട് - ഓൺലൈൻ | 22413 | 52565 | 74978 | 0 | 74978 | |
| ബി-ഫണ്ട് | - | 389400 | 389400 | 389400 | 0 | |
| തനത് ഫണ്ട് | 11895431 | 18206926 | 30102357 | 11283518 | 18818839 | |
| ക്യാഷ് (തനത് ഫണ്ട്) | 5054 | - | - | - | 58203 | |
| മറ്റിനം (ഹരിയാലി, ജലനിധി, ലക്ഷംവീട്) | 174606 | 6136 | 180736 | 1577 | 179159 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 234 | 119480679 | 151 | 64762299 | 83 | 65% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1147 | 83702 | 84849 | 71296 | 13553 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50439272 | 50439272 | 50439272 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 518 | 2188000 |
| വിധവാ പെൻഷൻ | 1206 | 4960900 |
| വാർദ്ധക്യകാല പെൻഷൻ | 2417 | 9621600 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 390 | 1637000 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 47 | 189200 |
| തൊഴിൽ രഹിത വേതനം | 76 | 119400 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-08-19 തീയതിയിൽ 4 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 59243 (അമ്പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി നാല്പത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി 08.05.2019തീയതിയിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്.

വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. 2018-19 വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും അപ്രകാരമൊരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**പേഴ്സണൽ രജിസ്റ്റർ:** ഓഫീസ് സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

**സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്:** 30.08.2017 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

**പ്രോക്യൂർമെന്റ്:** പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടില്ല.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്, | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.07.2019 – 16.07.2019 | 2019 മേയ്, ജൂൺ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.10.2016 – 05.11.2016 | 2010-11 മുതൽ 2014-15 വരെ | 03.01.2017 |

## 1-11 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി3:- ഗുണഭോക്തൃ വിഹിതം(ചെലവഴിച്ചത്) 454000രൂപ വർഷങ്ങളായി നീക്കിയിപ്പ് കാണിക്കുന്നുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല.

2. ഷെഡ്യൂൾ ബി 4:- നബാർഡ് അസിസ്റ്റൻസ് ആയി ലഭിച്ച തുകയിൽ 434926രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല.

3. ഷെഡ്യൂൾ ബി 4:- സംയുക്ത പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം(ക്യാപ്പിറ്റൽ ചെലവ്), 4485595രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് കൃത്യമല്ല. 3928988 രൂപയാണ് ടി ഹെഡിൽ നീക്കിയിരിപ്പുള്ളത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഒടുക്കിയതും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകാനുള്ളതുമായ തുക ലയബിലിറ്റി ഹെഡിൽ കാണിച്ചിരിക്കുന്നത് കൃത്യമല്ല.

4. ഷെഡ്യൂൾ ബി 9:- പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക 13424 രൂപ ഒടുക്ക് വരുത്താതെ അക്കൗണ്ടിൽ ശേഷിക്കുന്നു.

5. ഷെഡ്യൂൾ ബി 9:- Other recoveries from employees(350200199)- ലയബിലിറിറി കാണിച്ചിട്ടുള്ള തുകയും തുടർന്നുള്ള മാസം ഒടുക്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അക്കൗണ്ടിൽ ശേഷിക്കുന്ന തുക സംബന്ധിച്ച് കൃത്യമായ രേഖകളില്ല.

6. ഷെഡ്യൂൾ ബി 9:- Liability in respect of stale cheque- തുക കൃത്യമല്ല. മൂന്നുവർഷം കഴിഞ്ഞ ചെക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

7. ഷെഡ്യൂൾ ബി 9:- അഡ്വാൻസ് കളക്ഷൻ- തൊഴിൽ നികുതി(വ്യാപാരി), ലൈസൻഫീസ്- മുൻകൂറായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖയില്ല. രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, അഡ്വാൻസ് കളക്ഷൻ തുകകൾ കൃത്യമായി കൂട്ടിയെഴുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. ഷെഡ്യൂൾ ബി 11: ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല.

   6/8/12-ലെ സ.ഉ(കൈ)212/12/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആസ്തികളുടെ ഡിപ്രീസിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയതിൽ അപാകതയുണ്ട്. 2018-19 രണ്ടാം അർദ്ധ വർഷം ആർജിച്ച ആസ്തികളുടെ ഡിപ്രീസിയേഷൻ പകുതി നിരക്കിൽ രേഖപ്പെടുത്തിയാൽ മതിയാകും.

9. ഷെഡ്യൂൾ ബി 11: പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ വാങ്ങുന്നതിന് അഡ്വാൻസ് നൽകിയ തുക മെഷീൻ ലഭിച്ചതിനെ തുടർന്ന് ബി18 ഷെഡ്യൂളിൽ നിന്നും ഒഴിവാക്കിയെങ്കിലും ഫിക്സഡ് അസ്സറ്റിന്റെ(Plant, machinery& tule ) മൂല്യം വർദ്ധിപ്പിച്ചിട്ടില്ല.

10. ഷെഡ്യൂൾ ബി 11(a);-അസിസ്റ്റന്റ് എൻജിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 2129737 രൂപയുടെ പാർട്ട് ബിൽ ആണ് നൽകിയിരിക്കുന്നത്. എന്നാൽ അക്കൗണ്ട്സ് പ്രകാരം വർക്ക് ഇൻ പ്രോഗ്രസ് ആയി കാണിച്ചിരിക്കുന്നത് 1664157 രൂപയാണ്.

11. ഷെഡ്യൂൾ ബി 15, ഐ-1, ആർ.പി-43;- വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി(അരിയർ, കറന്റ്) ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. ഷെഡ്യൂൾ ബി 16:- ലോൺ തുക പ്രീ പേയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ആയി ജേണൽ ചെയ്തിട്ടില്ല

13. ഷെഡ്യൂൾ ബി 17:- SBI-online- സഞ്ചയ ഇ-പേയ്മെന്റ് പ്രകാരമുള്ള എല്ലാ വരവുകളും ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. റീക്കൺസിലിയേഷൻ കൃത്യമല്ല.

14. ഷെഡ്യൂൾ ആർ.പി.1,ഷെഡ്യൂൾ ഐ-1:-തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, അഡ്വാൻസ് കളക്ഷൻ തുകകൾ കൃത്യമായി കൂട്ടിയെഴുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

15. ഷെഡ്യൂൾ ആർ.പി.1:-Rent from Auditorium& hall- വരവ് ആർ.പി.1 ഷെഡ്യൂൾ പ്രകാരം 13500 രൂപയാണ്. എന്നാൽ ഐ-3 ഷെഡ്യൂൾ പ്രകാരം ഇത് 14000 രൂപയാണ്. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

16. ഷെഡ്യൂൾ ആർ.പി.7:- Other revenue grant ഇനത്തിൽ 113570 രൂപ വരവ് കാണിച്ചിരിക്കുന്നത് കൃത്യമല്ല. തൊഴിൽ നികുതിയിനത്തിൽ വരവ് വന്ന 66250 രൂപ (31250+35000) ഈ ഹെഡിൽ തെറ്റായി വരവ് കാണിച്ചിരിക്കുന്നു.

17. ഷെഡ്യൂൾ ആർ.പി.1:- Paddy production bonus- വരവ് വന്ന 80000 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

18. ഷെഡ്യൂൾ ആർ.പി.31:-NREGS -എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ലഭിച്ചത് 1417810 രൂപയാണ്. എന്നാൽ ടി ഹെഡിൽ വരവ് കാണിച്ചിരിക്കുന്നത് 1430216 രൂപയാണ്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ വരവ് രജിസ്റ്റർ പ്രകാരം 540434 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 790434 രൂപയാണ്. ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള ചെലവിന്റെ അക്കൗണ്ടിംഗും കൃത്യമല്ല.

19. ഷെഡ്യൂൾ ആർ.പി.34:- Bidders Emd- വരവ് 61126 രൂപയാണ്. വാർഷിക കണക്ക് പ്രകാരം ഇത് 36126 രൂപയാണ്. Auction deposit ഇനത്തിലുള്ള വരവ് കാണിച്ചിരിക്കുന്നതും കൃത്യമല്ല

20. ഷെഡ്യൂൾ ആർ.പി.43:- Rent receivable from building(current)- വരവ് കാണിച്ചിരിക്കുന്ന തുക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി(271870) പൊരുത്തപ്പെടുന്നില്ല.

21. ഷെഡ്യൂൾ ആർ.പി.16:- ഹൗസിംഗ്(ജനറൽ) ആകെ ചെലവ് കൃത്യമല്ല

22. ഷെഡ്യൂൾ ആർ.പി.19:- Paddy production bonus- ;ചെലവഴിച്ച 80000 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല. Scolarship for handicaped children -പദ്ധതി പ്രകാരം ചെലവഴിച്ച 200000 രൂപ ആർ.പി.19-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

23. ഷെഡ്യൂൾ ആർ.പി.34:- Bidders emd- ചെലവ് 27000 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

24. ഷെഡ്യൂൾ ഐ-4(b):- മാർക്കറ്റ് വരവ് 201850 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് കാണിച്ചിരിക്കുന്നത് 177000 രൂപയാണ്.

## 1-12 വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത

വാണിജ്യാവശ്യത്തിലുള്ള കെട്ടിടങ്ങളിലെ ഓരോ മുറികൾക്കും വെവ്വേറെ നമ്പരിട്ട് നൽകുകയും വെവ്വേറെ വസ്തുനികുതി നിർണ്ണയം നടത്തുക വഴി പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാകുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14-10-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ 50രൂപയുമാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകം വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം ഒന്നുതന്നെയാണ്. ഉദാഹരണങ്ങൾ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്നമ്പർ | കെട്ടിടനമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച വസ്തുനികുതി (ച.മി) | വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത് (ച.മി) |
|---|---|---|---|---|---|
| 13 | 1051 | പ്രവീൺ | 97.21 | 40 | 50 |

| | | | | | |
|---|---|---|---|---|---|
| | | കെ.ഒ | | | |
| 13 | 1052 | പ്രവീൺ കെ.ഒ | 84.99 | 40 | |
| 13 | 1069 | പ്രവീൺ കെ.ഒ | 69.06 | 40 | |
| 13 | 1090 | ഗീതാകുമാരി | 25.9 | 40 | 50 |
| 13 | 1091 | ഗീതാകുമാരി | 42.58 | | |
| 17 | 841 | രാധാകൃഷ്ണൻ പോറ്റി | 64.3 | 40 | 50 |
| 17 | 842 | രാധാകൃഷ്ണൻ പോറ്റി | 35.79 | | |
| 17 | 843 | രാധാകൃഷ്ണൻ പോറ്റി | 64.3 | | |
| 17 | 844 | രാധാകൃഷ്ണൻ പോറ്റി | 51.4 | | |

മേൽ പറഞ്ഞ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തുകവഴി പഞ്ചായത്തിന് വൻതോതിൽ നികുതി നഷ്ടം സംഭവിക്കാൻകാരണമാകുന്നു.ഇത്തരത്തിൽ നികുതിനിർണ്ണയം നടത്തിയ മുഴുവൻ വാണിജ്യകെട്ടിടങ്ങളുടേയും വസ്തുനികുതിപുനപരിശോധിക്കേണ്ടതാണ്.മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-26/27-08-2019) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പെട്രോൾ പമ്പിന്റെ വസ്തുനികുതി നിർണ്ണയം- പുന:പരിശോധിക്കേണ്ടതാണ്

കൊടുമൺ പഞ്ചായത്തിലെ 17 ാം വാർഡിലെ 3-ാംനമ്പർ കെട്ടിടത്തിൽ അശ്വതി ഫില്ലിംഗ് സ്റ്റേഷൻ എന്ന പേരിൽ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു. സഞ്ചയ സോഫ്റ്റ്വെയറിൽ ഈ കെട്ടിടത്തിന് 37 ച.മീറ്റർ വിസ്തീർണ്ണം മാത്രമാണ് ഉള്ളത്. വാർഷിക വസ്തുനികുതിയായി നിർണ്ണയിച്ചിരിക്കുന്നത് 641രൂപയാണ്. എന്നാൽ പമ്പിന്റെ 277 ച.മീറ്ററുള്ള മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി 6-6-2018-ലെ 3666 നമ്പർ പെർമിറ്റ് പ്രകാരം പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റിന് വേണ്ടി സമർപ്പിക്കപ്പെട്ട പ്ലാനിൽ നിന്നും 330ച.മീ. സ്ഥലത്താണ് പമ്പ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു (കനോപി ഏരിയ – 277ച.മീ., ഓഫീസ് കെട്ടിടം 53ച.മീ.). പെട്രോൾ അല്ലെങ്കിൽ ഡീസൽ വിപണനം ചെയ്യുന്ന സ്ഥലം (കനോപി) ഓപ്പൺ സ്പെയ്സായി നിലനിർത്തുന്നത് നികുതി ഇളവ് നല്കുന്നതിനു വേണ്ടിയല്ല, മറിച്ച് വിവിധ ഭാഗങ്ങളിലൂടെ ഒരേ സമയം നിരവധി വാഹനങ്ങൾ കടന്നുവരുന്നതിന് തടസംഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ്. കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുന:നിർണ്ണയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പെട്രോൾ പമ്പുകളുടെയും വസ്തുനികുതി കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പാർപ്പിടാവശ്യത്തിന് വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വാണിജ്യ/വ്യാപാര ആവശ്യങ്ങൾക്കായി ലൈസൻസ് നേടിയിട്ടുള്ള നിരവധി സ്ഥാപനങ്ങളെ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളായി കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇപ്രകാരം തെറ്റായി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ നികുതി വസ്തുനികുതിവരുമാനത്തിൽ കുറവ്

സംഭവിക്കുന്നു. 2018-19 സാമ്പത്തികവർഷം ഇത്തരത്തിൽ ലൈസൻസ് നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഉപയോഗം | ഡി & ഒ ലൈസൻസ് പ്രകാരം ഉപയോഗം |
|---|---|---|---|---|
| 1 | 13/266 | ബാലചന്ദ്രൻ | പാർപ്പിടം | ബേക്കറി |
| 2 | 13/346 | റഫീക്ക് | പാർപ്പിടം | ചപ്പാത്തി നിർമ്മാണം |
| 3 | 13/340 | ബിന്ദു അജികുമാർ | പാർപ്പിടം | ഫാൻസി |
| 4 | 18/910 | സതീഷ് കുമാർ | പാർപ്പിടം | റ്റീഷോപ്പ് |
| 5 | 18/1364 | ഗോപാലകൃഷ്ണൻ | പാർപ്പിടം | ബേക്കറി |
| 6 | 18/625 | ജോർജ്ജ് | ഓഫീസ് | കറി പൗഡർ നിർമ്മാണം |

മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/2019 തീയതി 21-08-2019) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതാണെന്നാണ് അറിയിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 പാർക്കിംഗ്സ്ഥലം വാണിജ്യാവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു

പഞ്ചായത്ത് പ്രദേശത്ത് വാണിജ്യ സ്ഥാപനങ്ങൾക്കും മറ്റ് ബഹുനില മന്ദിരങ്ങൾക്കും കെട്ടിടനിർമ്മാണ ചട്ടപ്രകാരം പാർക്കിംഗ് ഏരിയ ആയി നീക്കിവച്ചിട്ടുള്ള ഭാഗങ്ങൾ ഒക്യൂപ്പെൻസി സർട്ടിഫിക്കറ്റ് നേടിയതിനുശേഷം കെട്ടിയടച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നുണ്ട്. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നേടിയശേഷം പാർക്കിംഗ് ഏരിയായി നീക്കിവച്ചിട്ടുള്ള ഭാഗങ്ങൾ കെട്ടിയടച്ച് വാണിജ്യാവശങ്ങൾക്കും മറ്റും ഉപയോഗിക്കുന്നത് ഒഴിവാക്കുന്നതിന് പ്ലാനിൽനിന്നും രൂപ മാറ്റം വരുത്തി മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.മേൽ പറഞ്ഞ രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തിയതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്ത് 7/10/2016-ൽ C3-5801-ാം നമ്പരായി നൽകിയ പെർമിറ്റ് പ്രകാരം ശ്രീമതി ഗീതാകുമാരി, ഉടയനാക്കുന്നിൽ, കൊടുമൺ എന്ന വ്യക്തി 380.53 ച.മീ. വിസ്തീർണം ഉള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. X111 വാർഡിലെ 1089, 1090, 1091, 1092, 1093 എന്നീ നമ്പർ കെട്ടിടങ്ങളായി ഇവയ്ക്ക് 2018-19 സാമ്പത്തിക വർഷം വസ്തു നികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 1089-ാം നമ്പർ കടമുറിയിൽ ടയർ വർക്ക്സ് നടത്തുന്നതിന് പഞ്ചായത്ത് ലൈസൻസ് നൽകുകയുണ്ടായി. പെർമിറ്റിന് വേണ്ടി സമർപ്പിച്ച പ്ലാനിൽ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തി വ്യാപാര ആവശ്യത്തിന് ഉപയോഗിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൊടുമൺ-ആനന്ദപ്പള്ളി റോഡിന്റെ വശത്തു സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഈ അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

(2) രമ ബി, ഷാജി ഭവൻ, ഒറ്റത്തേക്ക് എന്ന വ്യക്തിയ്ക്ക് അങ്ങാടിക്കൽ വില്ലേജിൽ സർവ്വേ നമ്പർ 528/3ൽ ഉൾപ്പെട്ട 01.35ആർ സ്ഥലത്ത് പെർമിറ്റ് നമ്പർ 5345/18 പ്രകാരം 115.14 ച.മീറ്ററുള്ള കെട്ടിടം പണിയുന്നതിന് (ഷോപ്പ് 51.94, ഹാൾ 51.94) അനുമതി നൽകുകയുണ്ടായി. ടി കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടനിർമാണചട്ടപ്രകാരമുള്ള പാർക്കിംഗ് ഏരിയ അനുവദിച്ചിട്ടുള്ളത് കെട്ടിടത്തിന്റെ മുൻവശത്ത് റോഡിനോട് ചേർന്നാണ്. എന്നാൽ ഈ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയായിലേക്ക് വഹനങ്ങൾക്ക് കടന്നുചെല്ലാൻ സാധിക്കാത്ത തരത്തിൽ റോഡിനോട് ചേർന്ന് പടികൾ സ്ഥാപിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു . കൂടൽ-ചന്ദനപ്പള്ളി റോഡിന്റെ വശത്തു സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിലേക്ക് വരുന്ന വാഹനങ്ങൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഈ അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് ഒരു നടപടിയും

സ്വീകരിച്ചിട്ടില്ല. കെട്ടിടനിർമാണചട്ടത്തിന് വിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങൾ പഞ്ചായത്ത് പരിധിയിൽ നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിവ് - അപാകതകൾ

**(1) പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടം സംഭവിക്കുന്നു**

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

കൊട്ടുമൺ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റിലെ ജീവനക്കാരുടേയും തൊഴിലാളികളുടേയും വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 24.08.2019-ന് മാനേജർക്ക് കത്ത് നൽകുകയുണ്ടായി. ഇതനുസരിച്ച് എസ്റ്റേറ്റ് മാനേജർ ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയുന്ന പ്രകാരം ജീവനക്കാരും തൊഴിലാളിയും ഉള്ളതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ഓഫിസ് ജീവനക്കാർ | 43 |
| കരാർ ജീവനക്കാർ | 2 |
| സ്ഥിരം തൊഴിലാളികൾ | 558 |
| കരാർ തൊഴിലാളികൾ | 36 |
| ആകെ | 598 |

എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം 8 ജീവനക്കാരുടെ തൊഴിൽ നികുതിയായി 21250 രൂപ മാത്രമാണ് ലഭിച്ചിരിക്കുന്നത്.തൊഴിൽ വകുപ്പിന്റെ 2016 മെയ് 17-ലെ സ.ഉ.(അച്ചടി) നമ്പർ 76/2016/ തൊഴിൽ വിജ്ഞാപന പ്രകാരം തോട്ടം തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച സർക്കാർ ഉത്തരവ് ഉണ്ട്. അതുപ്രകാരം ബാക്കി 590 ജീവനക്കാരിൽ തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാനനഷ്ടം ലക്ഷങ്ങളാണ്. ഇവരിൽ നിന്നും അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**(2) വ്യാപാര സ്ഥാപനങ്ങളിലേയും വ്യവസായ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1359 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ഈ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും അതിലെ ജിവനക്കാരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലെയും ഏറ്റവും താഴെയുള്ള ഗ്രേഡ്-ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു

അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ലൈസൻസ് അപേക്ഷ പരിശോധിക്കുമ്പോൾ രണ്ടിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവടസ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് മൂലം തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. അപാകത പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | അശ്വതി ഫ്യുവൽസ് | I&II |
| 2 | കരിഷ്മ ടെക്സ്റ്റയിൽസ് | I&II |

**(3) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച പത്രികകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ | തുക |
|---|---|---|---|
| 1 | വൈകുണ്ഠപുരം ദേവസ്വം | I&II | 37300 |
| 2 | റോസ് ഡെയിൽ സ്കൂൾ | I&II | 10680 |
| 3 | മുത്തൂറ്റ് മിനി ഫിനാൻസ് | II | 1500 |
| | **ആകെ** | | **49480** |

# 1-17 കളക്ഷൻ തുകയെക്കാൾ കൂടുതൽ തുക സഞ്ചയയിൽ പോസ്റ്റ് ചെയ്തു

കെട്ടിടങ്ങളുടെ വസ്തുനികുതി മാന്വൽ രസീത് ഉപയോഗിച്ച് പിരിച്ച ശേഷം സഞ്ചയ സോഫ്റ്റ് വെയറിൽ പിരിച്ച തുകയേക്കാൾ കൂടിയ തുക പോസ്റ്റ് ചെയ്യുന്നു. കൂടാതെ ഒരു കെട്ടിടത്തിന്റെ വസ്തു നികുതി പിരിക്കുന്നതിനുപയോഗിച്ച രസീത് നമ്പർ മറ്റ് കെട്ടിടങ്ങൾക്ക് ഉപയോഗിക്കുകയും ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഈ രീതിയിലാണ് പോസ്റ്റ് ചെയ്തിരിക്കുന്നത്.

(1) കൊടുമൺ പഞ്ചായത്തിലെ 13 ാം വാർഡിലെ 190-ാംനമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയായ 307 രൂപ 10-01-2018-ൽ 11298-ാം നമ്പർ രസീത് ബുക്കിലെ 21-ാം നമ്പർ രസീത് ഉപയോഗിച്ച് പിരിക്കുകയും ഈ തുക അന്നേ ദിവസം സഞ്ചയായിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ രസീത് പ്രകാരം കൊടുമൺ

പഞ്ചായത്തിലെ 12-ാം വാർഡിലെ 190-ാം നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതിയായി 2009 രൂപ പിരിച്ചതായി സഞ്ചയായിൽ പോസ്റ്റ് ചെയ്തിരിക്കുന്നു.

(2) കൊടുമൺ പഞ്ചായത്തിലെ 7- ാം വാർഡിലെ 270-ാംനമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയായ 1367 രൂപ 22-06-2018 ൽ 9864-ാം നമ്പർ രസീത് ബുക്കിലെ 1-ാം നമ്പർ രസീത് ഉപയോഗിച്ച് പിരിക്കുകയും ഈ തുക അന്നേ ദിവസം സഞ്ചയായിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ രസീത് പ്രകാരം കൊടുമൺ പഞ്ചായത്തിലെ 7 ാം വാർഡിലെ 280-ാംനമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയായി 1367 രൂപ പിരിച്ചതായി സഞ്ചയായിൽ പോസ്റ്റ് ചെയ്തിരിക്കുന്നു.

(3) കൊടുമൺ പഞ്ചായത്തിലെ 1 ാം വാർഡിലെ 694-ാംനമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയായ 168 രൂപ 11-12-2018 ൽ 9865-ാം നമ്പർ രസീത് ബുക്കിലെ 65-ാം നമ്പർ രസീത് ഉപയോഗിച്ച് പിരിച്ചെടുത്തു. ഈ തുക അന്നേ ദിവസം സഞ്ചയായിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ രസീത് പ്രകാരം കൊടുമൺ പഞ്ചായത്തിലെ 5- ാം വാർഡിലെ 505-ാംനമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയായി 78 രൂപ പിരിച്ചതായി സഞ്ചയായിൽ പോസ്റ്റ് ചെയ്തിരിക്കുന്നു.

(4) താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി മാന്വൽ രസീത് ഉപയോഗിച്ചാണ് പിരിച്ചിരിക്കുന്നത്. എന്നാൽ പിരിച്ച തുകയേക്കാൾ കൂടിയ തുകയാണ് സഞ്ചയായിൽ പോസ്റ്റ് ചെയ്തിരിക്കുന്നത്.

| വർഡ്നമ്പർ | കെട്ടിട നമ്പർ | രസീത് ബുക്ക്/ രസീത് നമ്പർ | രസീത് പ്രകാരം പിരിച്ച തുക | സഞ്ചയായിൽ പോസ്റ്റ് ചെയ്ത തുക |
|---|---|---|---|---|
| 13 | 622 | 31055/77 | 239 | 2391 |
| 13 | 968 | 31055/76 | 1102 | 2204 |
| 13 | 601 | 31055/79 | 205 | 410 |
| 13 | 108 | 31055/83 | 681 | 1362 |

മേൽ പറഞ്ഞ രീതിയിൽ യഥാർത്ഥത്തിൽ പിരിച്ച തുകയേക്കാൾ കൂടിയ തുക സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യുന്നതുവഴിയും ഒരു കെട്ടിടത്തിന്റെ വസ്തു നികുതി പിരിക്കുന്നതിനുപയോഗിച്ച രസീത് നമ്പർ മറ്റ് കെട്ടിടങ്ങൾക്ക് ഉപയോഗിക്കുക വഴിയും സഞ്ചയായിലെ ഡിമാന്റ് കുറയുകയും ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വസ്തുനികുതി ലഭിക്കാതിരിക്കുന്ന സാഹചര്യവും ഉണ്ടാകുകയും ചെയ്യുന്നു. മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-4/20-08-2019) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. പഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരുമാനം ലഭിക്കാതെ ലഭിച്ചു എന്ന് കാണിക്കുക വഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ് മേൽ പറഞ്ഞ രീതിയിലുള്ള പോസ്റ്റിംഗ് വഴി നടത്തുന്നത്. ക്രമക്കേട് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച വിശദമായ പരിശോധന വകുപ്പ് തലത്തിൽ നടത്തേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 കൊടുമൺ റൈസ്- കാർഷികമേഖലയിൽ ഒരു പുതിയ പ്രതീക്ഷ

ഗ്രാമപഞ്ചായത്തിലെ 509 ഹെക്ടർ വരുന്ന തരിശ് നിലങ്ങൾ മൂന്ന് വർഷങ്ങൾ കൊണ്ട് കൃഷിയോഗ്യമാക്കുന്നതിന് തീവ്രയജ്ഞ പരിപാടികൾ കൃഷിഭവന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ പിന്തുണയോടെ നടന്നുവരുന്നു. ഇതിനായി കൃഷിവകുപ്പും പഞ്ചായത്തും 53 ലക്ഷം രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാടശേഖരസമിതികളെ സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. മുണ്ടക്കൽ, ചേനങ്കര, മുണ്ടുകോണം, കോയിക്കൽപ്പടി, തേവന്നൂർ മംഗലത്ത് എന്നീ പാടശേഖരങ്ങളുടെ നേതൃത്വത്തിൽ 221 കർഷകരാണ് നടപ്പുവർഷം 258 ഏക്കർ സ്ഥലത്ത് കൃഷിചെയ്തിരിക്കുന്നത്. 2019-20 ൽ 50 ഹെക്ടർ തരിശ് നിലത്തിൽ കൂടി നെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

| വർഷം | വിസ്തൃതി | വിളവ് (മെട്രിക്ടൺ) |
|---|---|---|
| 2016-17 | 64 | 179.2 |
| 2017-18 | 80 | 256 |
| 2018-19 | 103 | 309 |

കൂടുതൽ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനാൽ നടപ്പു വർഷം വിളവ് പ്രതീക്ഷിക്കുന്ന 309 ടൺ നെല്ലിൽ നിന്നും 100 ടൺ നെല്ല് സംഭരിച്ച് **കൊടുമൺ റൈസ്** എന്ന ബ്രാന്റിൽ വിപണനം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടുതൽ കർഷകരെ നെൽകൃഷിയിലേക്ക് ആകർഷിക്കുന്നതിനും കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനും സർവ്വോപരി പ്രദേശത്തെ ജനങ്ങൾക്ക് സുരക്ഷിതഭക്ഷണം ലഭിക്കുന്നതിനും ഇതുമൂലം സാധിക്കുന്നു.

14.02.18 ലെ സ.ഉ(കൈ) നമ്പർ 22/18 ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ക്രമനമ്പർ 24 ൽ സുഫലം എന്ന പദ്ധതിയിലുൾപ്പെടുത്തി കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണന ശൃഖല എന്നിവ രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ക്രമനമ്പർ 16 ൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ് എന്നും സൂചിപ്പിക്കുന്നു. ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് 07.12.18ൽ പഞ്ചായത്ത് യോഗം ചേരുകയും പദ്ധതി നടപ്പിൽവരുത്തുന്നതിനായി പാടശേഖരസമിതികളേയും കർഷകരേയും ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനും അതിനു കീഴിൽ ഒരു എക്കോഷോപ്പ് തുടങ്ങുന്നതിനും തീരുമാനിച്ചു. താല്പര്യമുള്ള കർഷകരെ അംഗങ്ങളാക്കി 'കൊടുമൺ

ഫാർമേഴ്സ് സൊസൈറ്റി' എന്ന പേരിൽ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും ഇതിന്റെ പ്രാഥമികപ്രവർത്തനങ്ങൾക്കായി ഭരണസമിതി രൂപീകരിക്കുകയും ചെയ്തു.

കൊടുമൺ ഫാർമേഴ്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 100 മെട്രിക് ടൺ നെല്ല് സംഭരിച്ച് കോട്ടയത്തുള്ള ഓയിൽപാം കോർപ്പറേഷന്റെ മില്ലിൽ അരിയാക്കി **കൊടുമൺറൈസ്** എന്ന ബ്രാന്റിൽ വിപണനം ചെയ്യാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊടുമൺറൈസിന്റെ സംഭരണവിപണന സൗകര്യം ഒരുക്കുന്നതിന് പഞ്ചായത്തിൽ എക്കോഷോപ്പ് തുടങ്ങുന്നതുവഴി സാധിക്കുന്നു. കൂടാതെ വർഷം മുഴുവൻ വിപണനം നടത്തുന്നതിനും മറ്റ് പ്രാദേശിക കാർഷിക ഉല്പന്നങ്ങളായ പഴം, പച്ചക്കറി, മൂല്യവർദ്ധിതഉല്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനും ഇതുവഴി സൗകര്യം ലഭിക്കുന്നു.

<u>പ്രതീക്ഷിത ചെലവ്</u>

നെല്ല് അരിയാക്കുന്നതിനായി 31,45,500 രൂപയും എക്കോ ഷോപ്പിന് സംഭരണ വിപണനത്തിന് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് 300000 രൂപയും ഉൾപ്പെടെ 34,45,500 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

| | |
|---|---|
| പഞ്ചായത്ത് വിഹിതം | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 1500000 |
| ജില്ലാപഞ്ചായത്ത് | 1000000 |
| മൂലധനവും വായ്പയും | 345500 |
| ആകെ | 3445500 |

നെല്ല് സംഭരിക്കുമ്പോൾ തന്നെ കർഷകർക്ക് തുക നൽകുന്നതിനായി റിവോൾവിംഗ്ഫണ്ടും മറ്റ് ചെലവുകൾക്കായി പഞ്ചായത്ത് വിഹിതത്തിൽ നിന്നും കർഷകരിൽ നിന്നും സമാഹരിക്കുന്ന തുകയിൽ നിന്നും വകയിരുത്തുന്നു. അധികമായി വരുന്ന ചെലവുകൾ ഉണ്ടെങ്കിൽ ഭരണസമിതി തീരുമാനപ്രകാരം സഹകരണബാങ്ക് മുഖേന വായ്പ ലഭ്യമാക്കുന്നു. വിറ്റുവരവിൽ നിന്നും അടുത്തവർഷത്തെ ചെലവുകൾക്കു മാറ്റിവച്ച ശേഷമുള്ള വിഹിതം അംഗങ്ങൾക്ക് ആനുപാതികമായി നൽകുന്നു.

തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കി നെൽകൃഷിയുടെ വിസ്തൃതി, വിളവ് എന്നിവ വർദ്ധിപ്പിക്കുന്നതിനും ഉല്പാദിപ്പിക്കുന്ന നെല്ല് കാലതാമസമില്ലാതെ സംഭരിക്കുന്നതിനും വിപണിസൗകര്യം ലഭ്യമാക്കുന്നതിനും ഇത്തരം പദ്ധതി കൊണ്ട് സാധിക്കുന്നു. കാർഷികമേഖലയിലെ ജനോപകാരപ്രദമായ പദ്ധതികൾ കാർഷികകേരളത്തിന് ഒരു മുതൽക്കൂട്ടാണ്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും അഭിനന്ദനം അർഹിക്കുന്നു. വരും വർഷങ്ങളിൽ പദ്ധതി വിജയകരമായി തുടരുന്നതിന് ആവശ്യമായ തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 1-19 ഖരമാലിന്യ സംസ്കരണ പ്ലാന്റ് തുടർ പ്രവർത്തനം (പ്രോ.നം.S0041/19) – ക്രമവിരുദ്ധമായി പദ്ധതി നടപ്പിലാക്കി

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 41/19 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 1088750 രൂപ വകയിരുത്തി കൊടുമൺ മാർക്കറ്റിൽ പ്രവർത്തന രഹിതമായി കിടന്ന ബയോഗ്യാസ് പ്ലാന്റും, അനുബന്ധമായി സ്ഥാപിച്ചിരുന്ന സ്ട്രീറ്റ് ലൈറ്റുകളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ സേവന ദാതാവായി അംഗീകരിച്ചിട്ടുള്ള കോ-ഓർഡിനേഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ് & ടെക്നോളജി ഫൗണ്ടേഷൻ (CORE Foundation), അടൂർ എന്ന സ്ഥാപനത്തിനാണ് പ്രവൃത്തിയുടെ കരാർ നൽകിയത്. 23.05.2018-ലെ 7/18-19 നമ്പർ ട്രഷറി ബിൽ പ്രകാരം സ്ഥാപനത്തിന് പ്രോജക്ടിൽ വകയിരുത്തിയിരുന്ന 1088750 രൂപയും മുൻകൂറായി നൽകി. പദ്ധതി നിർവ്വഹണവും, ധനവിനിയോഗവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വം, മാലിന്യ സംസ്കരണം എന്ന മേഖലയിൽപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളത് പഞ്ചായത്ത് സെക്രട്ടറിയാണ്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം മാലിന്യ

സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, നടപ്പിലാക്കേണ്ടതും, തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതും യന്ത്ര സാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ ലളിതമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ.മാർക്ക് തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്. സെക്രട്ടറി പദ്ധതിയുടെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.

2. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥന്റെ ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ചുമതലപ്പെടുത്തിയ പെർഫോർമൻസ് ഓഡിറ്റ് (യൂണിറ്റ് 2) സീനിയർ സൂപ്രണ്ടായിരുന്ന പ്രോജക്ട് വെറ്റ് ചെയ്യേണ്ടിയിരുന്നു. എന്നാൽ പറക്കോട് ബ്ലോക്ക് ബി.ഡി.ഒ. ആണ് പ്രോജക്ട് വെറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

3. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തേടാതെ സേവന ദാതാവായ കോർഫൗണ്ടേഷൻ ഹാജരാക്കിയ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| Modification, Operation & Maintenance for 1 year @ Rs.40000 per month | 12 | 40000 | 480000 |
| Installation and maintenance of Street Lights and renovation/replacing Street lights and equipments | | | 520000 |
| Unforeseen expense | | | 88750 |
| Total | | | 1088750 |

എസ്റ്റിമേറ്റ് പ്രതിമാസ ഓപ്പറേഷൻ കോസ്റ്റ് ഇനത്തിൽ 40000 രൂപ കണക്കാക്കിയത് ഔചിത്യപൂർണ്ണവും ന്യായയുക്തവുമല്ലെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാണ്. അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഉദ്ദേശിച്ചിരുന്ന തെരുവ് വിളക്കുകളുടെ എണ്ണം തരം, ഒരു യൂണിറ്റിന് പ്രതീക്ഷിക്കുന്ന ചെലവ് എന്നിവയൊന്നും കണക്കാക്കാതെയാണ് 520000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. മുൻകൂട്ടി കാണാൻ കഴിയാത്ത ചെലവ് ഇനത്തിൽ 88750 ഉൾപ്പെടുത്തിയിട്ടുള്ളതും മാനദണ്ഡമില്ലാതെയാണ്.

4. നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ട ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളുടെ കാര്യത്തിൽ പഞ്ചായത്തിലെ അസി.എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ്, അഥവ സേവനദാതാവ് തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് അസി.എഞ്ചിനീയർ പരിശോധിച്ച് അംഗീകരിച്ചത്, ശുചിത്വ മിഷൻ/ക്ലീൻ കേരള മിഷന് സമർപ്പിച്ച് സാങ്കേതികാനുമതി വാങ്ങി വേണമായിരുന്നു നടപ്പിലാക്കാൻ. നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ട പ്രോജക്ടിന് ക്രമപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെ കേവലം റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകിയത് ക്രമപ്രകാരമല്ല.

5. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രോക്യൂർമെന്റ് മാർഗ്ഗരേഖയിൽ (8.11.2010-ലെ G.O.(P)259/2010/LSGD) പ്രോക്യൂർമന്റ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതു പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന സേവനങ്ങളുടെ പ്രോക്യൂർമെന്റ് QCBS രീതി അനുസരിച്ചാണ് ചെയ്യേണ്ടത്. 2 ലക്ഷത്തിനും 5 ലക്ഷത്തിനും ഇടയ്ക്കുള്ള സേവനങ്ങളുടെ പ്രോക്യൂർമെന്റ് Fixed Budget Selection രീതി അനുസരിച്ചോ അല്ലെങ്കിൽ Least Cost Selection രീതി അനുസരിച്ചോ ആണ് ചെയ്യേണ്ടത്. അതുകൊണ്ട് 2 ലക്ഷത്തിൽ താഴെ തുകയ്ക്കുള്ള സേവനങ്ങളുടെ പ്രോക്യൂർമെന്റ് മാത്രമേ നേരിട്ട് അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവൂ (സ.ഉ.(എം.എസ്.)നം.133/2013/തസ്വഭവ, തീ.30.03.2013). ഈ സാഹചര്യത്തിൽ 10.88 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രോജക്ട് കോർ ഫൗണ്ടേഷനെ നേരിട്ട് ഏൽപ്പിച്ചത് ക്രമപ്രകാരമല്ല.

6. അക്രഡിറ്റഡ് ഏജൻസികളെ പ്രോജക്ട് നിർവ്വഹണം ഏൽപ്പിക്കുന്ന സംഗതിയിൽ 20% തുക മാത്രമേ മുൻകൂർ നൽകാൻ വ്യവസ്ഥയുള്ളൂ. (G.O(P) No.311/14/Fin, dtd.30.07.2014) ഈ പ്രോജക്ടിന്റെ കാര്യത്തിൽ പ്രോജക്ടിൽ വകയിരുത്തിയ 100% തുകയും മുൻകൂർ നൽകുകയാണുണ്ടായത്. തുക കൈപ്പറ്റി ഒരു വർഷത്തിനുശേഷമാണ് (12.5.2019) സ്ഥാപനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്.

7. തദ്ദേശഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപ്പിച്ചുകൊടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ചെയ്ത് നൽകേണ്ടതാണ് (കോ.ഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.18-ലെ തീരുമാനം 4.26). എന്നാൽ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സൂപ്പർവിഷനും മൂല്യനിർണ്ണയവും ഇല്ലാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

8. കുടിവെള്ളം, ശുചിത്വം മേഖലയിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ മോണിട്ടറിംഗ് നടത്തേണ്ടതായിരുന്നു. എന്നാൽ പ്രോജക്ട് മോണിട്ടറിംഗിന് വിധേയമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയതിലും, നിർവ്വഹണം നടത്തിയതിലുമുണ്ടായിട്ടുള്ള ഗൗരവതരമായ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/26.08.2018) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്ന് പറയുമ്പോൾ തന്നെ 31 സ്ട്രീറ്റ് ലൈറ്റുകൾ, കാലപ്പഴക്കം വന്ന ലൂണുകൾ, കേബിളുകൾ എന്നിവ മാറ്റി പുതിയത് സ്ഥാപിച്ച് ലൈറ്റുകൾ പ്ലാന്റിലെ ബയോഗ്യാസ് ഉപയോഗിച്ച് പ്രകാശിപ്പിക്കുന്നുണ്ടെന്ന് മറുപടിയിൽ വിശദീകരിക്കുന്നു. ഓപ്പറേഷൻ മെയിന്റനൻസ് ഇനത്തിൽ കരാർസ്ഥാപനത്തിൽ ജീവനക്കാരുടെ വേതനം, ഡീസൽ ചാർജ്ജ്, മാർക്കറ്റിൽ ഉണ്ടാകുന്ന മറ്റ് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക എന്നിവ ഉൾപ്പെടെ തുക ചെലവാകുന്നു എന്ന് മറുപടിയിൽ വിശദീകരിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം മാർക്കറ്റിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രതിമാസം 6000 രൂപ നിരക്കിൽ ശ്രീ. പ്രസാദ് കുമാർ എന്ന ആൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാഹന വാടക നൽകിയിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി മുൻ സാമ്പത്തിക വർഷം ഇതേ സ്ഥാപനത്തിന് പ്ലാന്റിന്റെ പരിപാലനത്തിന് 6 ലക്ഷം രൂപ യാതൊരു മാനദണ്ഡവും പാലിക്കാതെ നൽകിയിരുന്നു. വാർഷിക പരിപാലന ചെലവ് 366000/- രൂപ, ലൈറ്റ് സ്ഥാപിക്കുന്നതിന് 201250/- രൂപ, GST 28575/- രൂപ, അനുബന്ധ ചെലവുകൾ4175/- രൂപ എന്നിങ്ങനെയാണ് തുക നൽകിയത്. അതായത് 2017-18 വർഷം 6 ലക്ഷം രൂപയ്ക്ക് കരാർ നൽകിയ പ്രവൃത്തിയാണ് 2018-19 വർഷം 1088750/-രൂപയ്ക്ക് കരാർ നൽകിയത്. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകളിന്മേൽ അന്വേഷണം നടത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-20 എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ (S00109) – പ്രോജക്ടിന് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല – ടെണ്ടർ ക്ഷണിക്കാതെ അമിത വില നൽകി ലൈറ്റുകൾ വാങ്ങി

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. S0109/19 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 1820000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. (KEL) എന്ന സ്ഥാപനത്തിൽനിന്നും 3800 രൂപ നിരക്കിൽ 469 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ 1782000രൂപയും, ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ 11566 രൂപയും ഉൾപ്പടെ ആകെ 1793766 രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളത് ക്രമപ്രകാരമല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥന്റെ ജില്ലാതല/ സംസ്ഥാന തല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് വെറ്റിംഗ് ഓഫീസർ എന്ന നിലയ്ക്ക് പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്. ഈ പ്രോജക്ടിന്റെ കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ചുമതലപ്പെടുത്തിയ പെർഫോർമൻസ് ഓഡിറ്റ് (യൂണിറ്റ് 2) സീനിയർ സൂപ്രണ്ടായിരുന്നു പ്രോജക്ട് വെറ്റ് ചെയ്യേണ്ടിയിരുന്നു. എന്നാൽ പ്രൊക്യൂർമെന്റിനുവേണ്ടിയുള്ള ഈ ഈ പദ്ധതി വെറ്റ് ചെയ്തിരിക്കുന്നത് പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കുന്ന പ്രോക്യൂർമെന്റിനു വേണ്ടിയുള്ള ഒരു പ്രോജക്ട് വെറ്റിംഗിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാതെ മേഖലാ പരിധിയിൽ വരാത്ത അസി.എക്സി.എഞ്ചിനീയർക്ക് സമർപ്പിച്ചത് ക്രമപ്രകാരമല്ല. ഈ

സാഹചര്യത്തിൽ ക്രമപ്രകാരം അംഗീകാരം വാങ്ങാതെയാണ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

സ.ഉ.(എം.എസ്.)നം.13/215/ഐ.റ്റി.ഡി., തീ. 12.05.15 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുണ്ട്. പൊതു സമാഹരണ നടപടികൾ സുതാര്യവും, അഴിമതി രഹിതവും, കാര്യക്ഷമമവുമാക്കുന്നതിനാണ് സർക്കാർ ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുള്ളത്. എന്നാൽ 18.20 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്താതെ ഒരു പൊതു മേഖലാ സ്ഥാപനമായ KEL-ൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങൽ നടത്തുകയാണുണ്ടായത്. ഈ സ്ഥാപനത്തെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്റ്റ് മാനേജ് കൺസൾട്ടിയായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് കാണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ആയതിന് ആധാരമായി ഫയലിൽ ലഭ്യമാക്കിയ ഉത്തരവിൽ (G.O.(P) No.95/2017/Fin, dtd. 25.07.17) ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് താല്ക്കാലികമായാണ് അക്രഡിറ്റേഷൻ നൽകുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവിൽ ഒരിടത്തും ഈ സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനങ്ങൾ നേരിട്ട് വാങ്ങാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് സുതാര്യമായി വാങ്ങൽ നടത്താതെ അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.

പ്രഥമ ദൃഷ്ടിയിൽത്തന്നെ വളരെ ഉയർന്ന വില നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. 2600 രൂപ നിരക്കിൽ 700 ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ 3800 രൂപ നിരക്കിലാണ് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. യൂണിറ്റ് നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടും സപ്ലൈ ചെയ്ത സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തുന്നതിനോ കുറഞ്ഞ നിരക്കിൽ ലൈറ്റുകൾ ലഭ്യമാക്കുന്നതിനോ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ കാലയളവിൽ ജില്ലയിലെ ഇതര പഞ്ചായത്തുകളിൽ ഇതേ സ്പെസിഫിക്കേഷനുള്ള ലൈറ്റുകൾ ഇതിലും കുറഞ്ഞ നിരക്കിലാണ് വാങ്ങിയിട്ടുള്ളത് (ഉദാ: ഏറത്ത് ഗ്രാമപഞ്ചായത്ത് - ₹2350, ചിറ്റാർ ഗ്രാമപഞ്ചായത്ത് - ₹2500). കരാറിലേർപ്പെടുന്നതിനു മുമ്പ് വിലയുടെ യുക്തി ഭദ്രത (reasonableness) ഉറപ്പുവരുത്തണമെന്നും അതിനായി തത്തുല്യമായ സാധനത്തിന്റെ കമ്പോള വില പരിഗണിക്കണമെന്നുമുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ ഈ പദ്ധതിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. ഉയർന്ന വില നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ ഗണ്യമായ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടി പ്രകാരം ലൈറ്റുകൾ സപ്ലൈ ചെയ്ത് പോസ്റ്റുകളിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള ചുമതല കരാർ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി-യിൽ സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല കരാർ സ്ഥാപനത്തിനായിരുന്നു. എന്നാൽ ഈ പ്രോജക്റ്റിൽനിന്നും വകയിരുത്തിയ തുകയിൽനിന്ന് പഞ്ചായത്ത് നേരിട്ടാണ് 11566 രൂപ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 1-21 പഞ്ചായത്ത് ഓഫീസും, കമ്മിറ്റി ഹാളും നവീകരിക്കൽ – SIDCO ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ ടെണ്ടർ ഒഴിവാക്കി നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധം

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഹാളും, ഓഫീസും നവീകരിക്കുന്നതിന് പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 1284481 ലക്ഷം രൂപയും, തനത് ഫണ്ടിൽനിന്നും 137519 രൂപയും ഉൾപ്പടെ ആകെ 1422000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് (പ്രോ.നം.124/19). കമ്മിറ്റി ഹാളിലേക്കാവശ്യമായ ഫർണിച്ചർ, പബ്ലിക് അഡ്രസ് സിസ്റ്റം, നിരീക്ഷണ ക്യാമറ, നോട്ടീസ് ബോർഡ് എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റിൽ തുക വകയിരുത്തിയിരുന്നത്. സിഡ്കോയിൽനിന്നും ടി സാധന സാമഗ്രികൾ വാങ്ങിയ ഇനത്തിൽ 1421814 രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Invoice No., Date | Item | Qty. | Rate | Amount | GST (18%) | Toal Amount |
|---|---|---|---|---|---|---|---|
| 1 | GST/5/02.08.18 | Teakwood Cushion Chair | 27 | 9565 | 258255 | 46486 | 304741 |
| | | Teakwood Arm Chair Cushion Seat and back | 1 | 16100 | 16100 | 2898 | 18998 |
| 2. | GST/6/02.08.18 | Teakwood President Table<br>300x6x75cm | 1 | 66715 | 66715 | 12009 | 78724 |
| | | Teak wood Clerk Table<br>180x45x75cm | 1 | 32564 | 32564 | 5862 | 38426 |
| | | Dias made of Hard Wood<br>400x200 cm | 1 | 56000 | 56000 | 10080 | 66080 |
| 3. | GST/7/03.08.18 | Teak wood Members table | 22 | 20405 | 448910 | 80804 | 529714 |
| 4 | GST/9/04.09.18 | Supply & Installation of Public Addressing system (Amplifier (1no.), Mic.(1 no.), Chairman Unit (1 no.), Deligate Unit (23 nos.), PAAmplifier (1 no.), Speakers (30 W – 4 Nos.) | 1 | 210000 | 210000 | 37800 | 247800 |
| 5 | GST92/20.03.18 | Supply and installation of CCTV System | 1 | 88800 | 88800 | 15984 | 104784 |
| 6 | GST/59/23.01.19 | Hard Wood Notice Board with Glass | 1 | 4584 | 4584 | 825 | 5409 |
| | | Front Office Counter Alteration | 1 | 23000 | 23000 | 4140 | 27140 |
| | | | | | | | 1421814 |

ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽനിന്നും നേരിട്ടാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ/അർദ്ധ സർക്കാർ/ഗവ.അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ സ്വയം നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി 02.12.2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധാ.)നം.3299/2016/ത.സ്വ.ഭ.വ.]. സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ സിഡ്കോ പോലെയുള്ള ചില സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകരിൽനിന്നും സാധനങ്ങൾ വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സർക്കാർ ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സിഡ്കോയുടെ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കാത്ത പബ്ലിക് അഡ്രസിംഗ് സിസ്റ്റം, CCTV സിസ്റ്റം (ക്രമ നം.4,5) എന്നിവ ടെണ്ടർ കൂടാതെ സിഡ്കോ മുഖാന്തിരം വാങ്ങിയത് ക്രമവിരുദ്ധമാണ്. ഇവയ്ക്ക് ചെലവഴിച്ച 352584 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങൽ നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് (വിപണി വിലയുമായി താരതമ്യപ്പെടുത്തി) ഭരണവകുപ്പ് തലത്തിൽ പരിശോധിക്കുന്നതിനും ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-22 ആയുർവേദ ആശുപത്രിക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും (പ്രോ.നം.S0113/19) – മുൻകൂർ തുക

## നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദ ആശുപത്രിക്ക് കമ്പ്യൂട്ടറും, സ്കാനറും വാങ്ങുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 79000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഒഴിവാക്കി കെൽട്രോൺ മുഖാന്തരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കെൽട്രോണിൽനിന്നും പ്രോഫോർമ ഇൻവോയ്സ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ 17.12.18-ലെ 32-ാം നമ്പർ ട്രഷറി ബിൽ പ്രകാരം 76085 രൂപ കെൽട്രോണിന് മുൻകൂറായി നൽകി. ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനാണ് കെൽട്രോണിന് മുൻകൂറായി തുക നൽകിയിരുന്നത്.

| | | | |
|---|---|---|---|
| 1 | ലേസർ പ്രിന്റർ | 2 nos. | 21744 |
| 2 | യു.പി.എസ്. | 2 nos. | 7130 |
| 3 | സ്കാനർ | 1 no. | 5952 |
| 4 | കമ്പ്യൂട്ടർ | 1 no. | 41259 |
| | ആകെ | | 76085 |

എന്നാൽ ഫയൽ പരിശോധിച്ചതിൽ 39294 രൂപ വില വരുന്ന ഒരു ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ മാത്രമാണ് കെൽട്രോൺ സപ്ലൈ ചെയ്തിട്ടുള്ളതെന്ന് കണ്ടു. പേയ്മെന്റ് നടത്തി 7 മാസം പിന്നിട്ടിട്ടും അവശേഷിച്ച സാധനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ യാതൊരു തുടർ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാക്കി സാധനങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. അവശേഷിച്ച 36791 രൂപയുടെ സാധനങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ 36791 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങൽ (S0207/19) – പദ്ധതി നടപ്പിലാക്കാതെ ഫണ്ട് പാഴാക്കി

2018-19 വർഷം സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പൊതു ശ്മശാനത്തിന് സ്ഥലം വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 397890രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടികളും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പത്ര പരസ്യം നല്കി താല്പര്യപത്രം ക്ഷണിച്ച് അനുയോജ്യമായ ഭൂമി കണ്ടെത്താതെയും റവന്യൂ അധികാരികളിൽനിന്നും വിലനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുൾപ്പടെയുള്ള മുന്നൊരുക്കങ്ങൾ നടത്താതെയും വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയതിനാൽ വകയിരുത്തിയ ഫണ്ട് ചെലവഴിക്കാനാവാതെ ലാപ്സാകുന്നതിനും പദ്ധതി ആവിഷ്കരിക്കുന്നതിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിനും ഇടയായി. ഗ്രാമപഞ്ചായത്തിലെ ക്ഷേമ/വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന ഫണ്ട് യഥാസമയം ചെലവഴിക്കാതെ ലാപ്സാക്കുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-24 പട്ടികജാതി കോളനികളിൽ സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ (പ്രോ.നം.S0132/19) – അംഗീകരിച്ച ടെണ്ടറിലെ നിരക്കിൽ അധികം തുക നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ 32760 രൂപ നഷ്ടം

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.പി. ഫണ്ടിൽനിന്നും 308000 രൂപ വകയിരുത്തി സിംഗിൾ ട്യൂബ് സെറ്റ് വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവ് നടത്തിയിട്ടുള്ളത് 2018-19 വർഷമാണ്. ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. 22.12.17-ൽ ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച കിക്കോ ബിസിനസ് കോർപ്പറേഷൻ, അടൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് കമ്മിറ്റി അംഗീകരിച്ചത് (ക്രോംപ്റ്റൺ ബ്രാന്റ് സിംഗിൾ ട്യൂബ് സെറ്റ് - ₹975, ഫിറ്റിംഗ്സ് - ₹115). കുറഞ്ഞ രണ്ടാമത്തെ നിരക്ക് നിർദ്ദേശിച്ച തമ്പുരാൻ കാലായിൽ ട്രേഡ്

ലിങ്ക്സ്, നാരങ്ങാനം എന്ന സ്ഥാപനം ഇതേ സാധനത്തിന് യഥാക്രമം ₹999-ഉം, ₹120-ഉം നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്.

29.03.2018-ലെ 178ാം നമ്പർ ഇൻവോയ്സ് അനുസരിച്ച് ചുവടെ ചേർക്കും പ്രകാരം 252 സിംഗിൾ ട്യൂബ് സെറ്റുകളും, ഫിറ്റിംഗ്സും സപ്ലൈ ചെയ്ത ഇനത്തിൽ കിക്കോ ബിസിനസ് കോർപ്പറേഷന് 307440 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | വാങ്ങിയ സാധനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സിംഗിൾ ട്യൂബ് സെറ്റ് (ക്രോംപ്റ്റൺ 36/40W) | 252 | 975 | 245700 |
| 2 | ലൈറ്റ് ഫിറ്റിംഗ്സ് (Bend pipe, nut, bolt & clamp) | 252 | 245 | 61740 |
| | ആകെ | | | 307440 |

ബിൽ പ്രകാരം ലൈറ്റ് ഫിറ്റിംഗ്സിന് പഞ്ചായത്ത് അംഗീകരിച്ച നിരക്കായ 115 രൂപയ്ക്ക് പകരം 245 രൂപ നിരക്കാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. അംഗീകരിച്ച നിരക്കിൽ അധികം തുക നൽകിയ ഇനത്തിൽ 32760 രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

കൂടാതെ മേൽപറഞ്ഞ പ്രകാരം വാങ്ങിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി തുക ഒടുക്കുകയോ, ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി. അധികൃതരോ, ബന്ധപ്പെട്ട വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/24.08.2019) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച 307440 രൂപ തടസ്സത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-25 നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് നൽകിയ ഇനത്തിൽ ഗണ്യമായ നഷ്ടം

നിലവിലില്ലാത്ത 921 ഓർഡിനറി ബൾബുകൾക്ക് പഞ്ചായത്ത് വർഷങ്ങളായി കറണ്ട് ചാർജ്ജ് ഒടുക്കുന്നു. വൈദ്യുതി ബോർഡിൽനിന്നും ലഭ്യമാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|
| സാധാരണ ബൾബ് 40W | 921 | 66 | 60786 |
| ഫ്ലൂറസെന്റ് ട്യൂബ് 40W | 262 | 66 | 17292 |
| ഫ്ലൂറസെന്റ് ട്യൂബ് 80W | 232 | 134 | 31088 |
| സോഡിയം വേപ്പർ ലാമ്പ് 250W | 21 | 447 | 9387 |
| സി.എഫ്.എൽ. 2x11W | 95 | 32 | 3040 |
| സി.എഫ്.എൽ. 8W | 9 | 26 | 234 |
| ആകെ | | | 121827 |

വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 121827 രൂപ ഒടുക്കുവരുത്തിയതിൽ 60786 രൂപ 921 40W സാധാരണ ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ളതായിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇവയുടെ അറ്റകുറ്റപ്പണികൾക്കായോ, സ്പെയർ പാർട്ട്സുകൾ വാങ്ങുന്നതിനുവേണ്ടിയോ ഗ്രാമപഞ്ചായത്ത് തുകയൊന്നും മുടക്കിയിട്ടില്ല. ഇതിൽനിന്നും നിലവിലില്ലാതിരുന്ന സാധരണ ബൾബുകൾക്കാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതിചാർജ്ജ് ഒടുക്കി വന്നതെന്ന് വ്യക്തമാണ്. മുൻകാല വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശ

വിധേയമാക്കിയിട്ടുണ്ടെങ്കിലും സാധാരണ ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിനാവശ്യമായ നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചില്ല. നിലവിലില്ലാത്ത ബൾബുകളുടെ താരിഫ് ഇനത്തിൽ മാത്രം ഓഡിറ്റ് കാലയളവിൽ 729432 രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി കുറഞ്ഞത് 36.47 ലക്ഷം രൂപയുടെ നഷ്ടം ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

നിലിവിൽ എഴംകുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് മീറ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ കൈപ്പട്ടൂർ, അടൂർ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. ഈ പ്രദേശങ്ങളിൽകൂടി മീറ്ററിംഗ് ഏർപ്പെടുത്തി വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ഇനത്തിൽ 2.5% തുക അധികം നൽകി

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.42 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 650312 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഈ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ കുഴിവേലിമുകളിൽ കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് 400000 രൂപയും, പട്ടംതറ ഒറ്റത്തേക്ക് റോഡിൽ ചാലപറമ്പ് മുതൽ ഇടവംമൂട് വരെയുള്ള ഭാഗത്ത് പ്രവൃത്തി നടത്തുന്നതിന് 250312 രൂപയും ഉൾപ്പടെ ആകെ 650312 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കുഴിവേലിമുകളിൽ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് വാട്ടർ അതോറിറ്റി 2.5% സെന്റേജ് ചാർജ്ജാണ് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജായ 2.5% ഒടുക്കുന്നതിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്ക് ബാധകമാണ്. ആയതിനാൽ 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സെന്റേജ് ഇനത്തിൽ അധികം ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് തുക | ഈടാക്കിയ സെന്റേജ് (12.5%) | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ലംപ്സം തുക | ഡെപ്പോസിറ്റ് തുക | സെന്റേജ് ഇനത്തിൽ അധികം ഈടാക്കിയ തുക (2.5%) |
|---|---|---|---|---|
| 351663.77 | 43957.97 | 4378.26 | 400,000 | 8792 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം സെന്റേജ് ഇനത്തിൽ 8792 രൂപ വാട്ടർ അതോറിറ്റിയിൽ അധികം ഒടുക്കി.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [ഖ.11.2(ഡി)(ii)] കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് മുതലായ സ്ഥാപനങ്ങളുമായി തദ്ദേശഭരണ സ്ഥാപനം കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. കൂടാതെ ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമയ്ക്കുന്നതിനും, പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും വീഴ്ചവരുത്തിയിട്ടുണ്ട്.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സെന്റേജ് ഇനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കുടുംബശ്രീ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് (പ്രോ.നം. S0242/19) – പദ്ധതി നടപ്പിലായില്ല – വികസന ഫണ്ട് വകമാറ്റി അക്കൗണ്ടിൽ സൂക്ഷിക്കുന്നു

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 6 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ചെറുകിട വ്യവസായം, മത്സ്യ സംസ്കരണം, മാലിന്യ സംസ്കരണം, പാരമ്പര്യേതര ഊർജ്ജം, ഐ.ടി. അധിഷ്ഠിത പ്രവാസി സേവനങ്ങൾ, ഭക്ഷ്യവ്യവസായ പാർക്ക് എന്നിവയിലേതെങ്കിലും സംരഭങ്ങൾ ആരംഭിക്കുന്ന 5 പേരടങ്ങുന്ന 6 ഗ്രൂപ്പുകൾക്ക് 100000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പിലാക്കാതെ പ്രോജക്ടിൽ വകയിരുത്തിയിരുന്ന 600000 രൂപ 22.12.2018-ലെ 37-ാം നമ്പർ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിലുള്ള സി.ഡി.എസ്. അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ.)നം.22/2018/തസ്വഭവ., തീ. 14.02.2018) ഖ.21-ൽ സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നൽകുന്നതിനുള്ള വ്യവസ്ഥകൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സംരഭകത്വ ഗ്രൂപ്പുകളെ കണ്ടെത്തി റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന് നാളിതുവരെ സാധിച്ചിട്ടില്ല.

ജനകീയാസൂത്രണത്തിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(പി.)നം.177/2006/ധന., തീ.12.04.06] ചെലവ് മുൻകൂട്ടി കണ്ട് ട്രഷറിയിൽനിന്നും തുക പിൻവലിക്കാൻ പാടില്ല. കൂടാതെ ട്രഷറിയിൽനിന്നും പിൻവലിക്കുന്ന എ,ബി,സി വിഭാഗം ഫണ്ടിൽ സാമ്പത്തിക വർഷാന്ത്യത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ട്രഷറിയിൽ ആർ.ഒ.പി. ആയി തിരിച്ച് അടയ്ക്കേണ്ടതാണ്. ട്രഷറിയിൽനിന്നും പിൻവലിച്ച പ്ലാൻ ഫണ്ട് സാമ്പത്തിക വർഷാന്ത്യത്തിനുശേഷവും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനമാണ്. തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

# 1-28 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.82 കോടി രൂപ ലാപ്സായി

അസി.എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ 2018-19 വർഷം 49025027 രൂപ അടങ്കലുള്ള 137 പ്രോജക്ടുകളായിരുന്നു ഉണ്ടായിരുന്നത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയരുന്ന പദ്ധതികളിൽ 40പ്രവൃത്തികൾ സ്പിൽ ഓവറും 97 എണ്ണം പുതിയ പ്രവൃത്തികളുമായിരുന്നു. ഏറ്റെടുത്ത പ്രവൃത്തികളിൽ 78 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 65 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 27-03-19-നുശേഷം സമർപ്പിച്ച 32.72 ലക്ഷം രൂപയുടെ 13 ബില്ലുകൾ ട്രഷറിയിൽ ക്യൂവിൽ ആയി. 59 പ്രവൃത്തികൾ തൻവർഷം നടപ്പിലായില്ല. ഏറ്റെടുത്ത പ്രവൃത്തികളിൽ 57 ശതമാനത്തിൽ താഴെ പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ 67% ഫണ്ടും ചെലവഴിക്കാതെ ലാപ്സായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് ചെലവ് | നടപ്പാക്കാത്ത പ്രവൃത്തികളുടെ എണ്ണം | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയത് | ആകെ | | | | | |
| 40 | 97 | 137 | 28468818 | 78 | 10238063 | 59 | 18230755 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച 13 ബില്ലുകൾ ക്യൂവിലായതു മൂലവും 59 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ ഗ്രാന്റ് തുക 1.82 കോടി രൂപ 2018-19 സാമ്പത്തിക വർഷം ലാപ്സാക്കി. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല.

ഓഡിറ്റ് വർഷം പുതുതായി ആവിഷ്കരിച്ച 97 പ്രോജക്ടുകളിൽ 38 എണ്ണം മാത്രമാണ് നടപ്പിലാക്കി തുക ചെലവഴിച്ചത്. 59 എണ്ണം സ്പിൽ ഓവറായി. ഇത്രയധികം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒരു അസി.എഞ്ചിനീയറും, രണ്ട് ഓവർസീയർമാരും മാത്രമാണ് ഉണ്ടായിരുന്നത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഫയൽ വർക്ക് ചെയ്യുന്നതിന് ക്ലാർക്കിന്റെ സേവനം ലഭ്യമായിരുന്നില്ല. മരാമത്ത് പ്രവൃത്തികൾക്കു പുറമേ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുക, കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുക തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലകളാണ്. ഇതനെല്ലാം ഉപരിയായി വാർഷിക പദ്ധതി അംഗീകരിച്ചതിനുശേഷമുള്ള ഭേദഗതി പ്രോജക്ടുകൾ പദ്ധതി നിർവ്വഹണത്തിന് കാര്യമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. പലപ്പോഴും ഭേദഗതി പ്രോജക്ടുകൾ തയ്യാറാക്കുന്നതും അംഗീകാരം വാങ്ങി ടെണ്ടർ നടത്തുന്നതുമായി പ്രക്രീയകൾ മാർച്ച് അന്ത്യം വരെ നീളുന്നു. പ്രോജക്ടുകളുടെ ബാഹുല്യം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, നിർവ്വഹണ മേൽനോട്ടവും ദുഷ്കരമാക്കുന്നു.

പശ്ചാത്തല മേഖലയിൽ, പ്രത്യേകിച്ചും റോഡ് പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷം രൂപയിൽ കുറവായിരുന്നു. കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം മരാമത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയാതെ സ്പിൽ ഓവറാവുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിഞ്ഞത്. ചെറിയ അടങ്കലുള്ള മരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ച് കൂടുതൽ ജനങ്ങൾക്കും, കൂടുതൽ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. ജിഒ.(പി.)നം.13/2012/PWD/01.02.2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി (മിനിമം ₹1000, മാക്സിമം ₹25000) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ കരാറുകാരെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്, കരാറുകാരൻ, കരാർ തുക | ടെണ്ടർ തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | സെലക്ഷൻ നോട്ടിസ് പ്രകാരം എഗ്രിമെന്റ് വയ്ക്കേണ്ട തീയതി | എഗ്രിമെന്റ് നം. തീയതി | ഈടാക്കേണ്ടപിഴ |
|---|---|---|---|---|---|---|
| 1 | മേലേതിൽപടി - മുകലിയ്യത്ത്പടി റോഡ് കോൺക്രീറ്റിംഗ് (S0022/19)<br>കരാറുകാരൻ - ശ്രീ ബാലചന്ദ്രൻ നായർ<br>കരാർ തുക – ₹297200 | 21.06.18 | 01.07.18 | 16.07.18 | 3/AE/18-19/KDMN/ 23.07.18 | 2972 |
| 2 | വിളയിൽ കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം (S0048/19)<br>കരാറുകാരൻ - ശ്രീ രഘുനാഥൻ നായർ<br>കരാർ തുക – ₹200000 | 08.11.18 | 12.12.18 | 27.12.18 | 28/AE/18-19/KDMN/ 10.01.19 | 2000 |
| 3 | അരിംകുളത്ത് കോളനി റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും (S0112/19)<br>കരാറുകാരൻ - ശ്രീ രഘുനാഥൻ നായർ<br>കരാർ തുക - ₹170000 | 08.11.18 | 12.12.18 | 27.12.18 | 26/AE/18-19/KDMN/ 10.01.19 | 1700 |
| | ആകെ | | | | | 6672 |

നിയമാനുസൃതം പിഴ ഈടാക്കാതിരുന്നത് മൂലമുള്ള നഷ്ടം (₹6672) ബന്ധപ്പെട്ട കരാറുകാരിൽനിന്നോ, അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-30 പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിൽ വീഴ്ച; റോഡിതര മെയിന്റനൻസ് ഗ്രാന്റ് 4.4 ലക്ഷം രൂപ ലാപ്സായി

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐക്കാട് എ.എസ്.ആർ.വി. ഗവ. യു.പി.എസ്. പുനരുദ്ധാരണം നടത്തുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 480000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. 04.03.17-ൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച ശ്രീ സുധീർകുമാർ എന്ന കരാറുകാരനുമായി 27.03.17-ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം 30.06.17-ൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കുന്നതിനും, ഫൈനൽ പേയ്മെന്റ് നൽകുന്നതിനും അസാധാരണമായ കാലതാമസമാണ് എഞ്ചിനീയറിംഗ് വിഭാഗം വരുത്തിയിട്ടുള്ളത്. 30.06.17-ൽ പ്രവൃത്തി പൂർത്തിയാക്കി എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് 20.07.17-ലും ഫൈനൽ ബിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കുന്നത് 08.09.17-ലുമാണ്. അതായത് പ്രവൃത്തി പൂർത്തിയാക്കി രണ്ട് മാസങ്ങൾക്ക് ശേഷമാണ് പ്രവൃത്തിയുടെ ബില്ല് അംഗീകരിച്ചിരിക്കുന്നത്. മാത്രവുമല്ല 08.09.17-ൽ ഫൈനൽ ബിൽ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിരിക്കുന്നത് 31.03.2018-ലാണ്. ബിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിന് 7 മാസത്തോളം കാലതാമസം വരുത്തി. സാമ്പത്തിക വർഷാന്ത്യത്തിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചതിനാൽ ബിൽ പണമാക്കി മാറ്റാൻ സാധിക്കാതെ പ്രോജക്ട് സ്പിൽഓവറാവുകയും പ്രവൃത്തിക്ക് ചെലവഴിക്കാമായിരുന്ന 439544 രൂപ ലാപ്സാകുകയും ചെയ്തു. തുടർന്ന് 16.05.2018 തീയതിയിൽ മാത്രമാണ് ബിൽ ട്രഷറിയിൽനിന്നും മാറി എടുത്തിട്ടുള്ളത്. 2018-19-ലെ അലോട്ട്മെന്റിൽനിന്നാണ് ഇതിനുള്ള തുക കണ്ടെത്തിയിരിക്കുന്നത്.

പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം ഒരു പൊതുമരാമത്ത് പണി പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാരൻ വിവരം എഞ്ചിനീയറെ രേഖാമൂലം അറിയിക്കേണ്ടതും അപ്രകാരം അറിയിപ്പ് കിട്ടി ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കലും ചെക്ക് മെഷർമെന്റ് നടത്തലും പൂർത്തിയാക്കേണ്ടതും അതിനുശേഷം രണ്ടാഴ്ചയ്ക്കകം പണിയുടെ അവസാന പെയ്മെന്റ് നടത്തേണ്ടതുമാണ്. ചട്ടപ്രകാരം പേയ്മെന്റ് നടത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം കൃത്യവിലോപം കാട്ടിയതിനാലാണ് കൈമാറികിട്ടിയ ആസ്തികളുടെ പരിപാലനത്തിന് ലഭിച്ച ഫണ്ട് ലാപ്സാകുന്നതിന് ഇടയായിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രവൃത്തിയുടെ ബില്ലിൽനിന്നും 10.5% സേവന നികുതി ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ഒടുക്കുവരുത്തിയിട്ടില്ല. തുക ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-31 എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) ഒരു ശതമാനം പിഴയോടുകൂടിയോ (മിനിമം ₹1000, മാക്സിമം ₹50000) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടു കൂടിയും (മിനിമം ₹2000, മാക്സിമം ₹100000) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50% ൽ അധികരിക്കാനും പാടില്ല.

എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2018-19 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതെ കരാറുകാരിൽനിന്നും 1% പിഴ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 2012 മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | അധികമായ എടുത്ത കാലാവധി | ചുമത്തേണ്ട പിഴ (3%) | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | നെല്ലിവിള – മരുതിക്കോട് റോഡിൽ ഐറിഷ് ഓട കോൺക്രീറ്റിംഗ് (S0040/18)<br>കരാറുകാരൻ - ശ്രീ ബി. ബാലചന്ദ്രൻ നായർ<br>എഗ്രിമെന്റ് നം, തീ. - 36/AE/2017-18/KDMN/01.12.17<br>പ്രവൃത്തിയുടെ കാലാവധി - 4 മാസം.<br>പ്രവൃത്തി ആരംഭിച്ച തീയതി - 01.12.17<br>പൂർത്തീകരിക്കേണ്ട തീയതി - 31.03.18<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി - 18.12.18<br>ഫൈനൽ ബിൽ തുക - 189582<br>ബിൽ നം. / തീയതി -30/18-19/23.01.19 | 250000 | 9 മാസം<br>18 ദിവസം | 7500 | 2376 | 5124 |
| 2 | ചക്കിമുക്ക് വിളയിൽ കോളനി റോഡ് കോൺക്രീറ്റിംഗ് (S0047/18)<br>കരാറുകാരൻ - ശ്രീ രാജേഷ്, അനിതാ വിലാസം, പുതുമല<br>എഗ്രിമെന്റ് നം., തീ - 13/AE/2018-19/KDMN/20.09.17<br>പ്രവൃത്തിയുടെ കാലാവധി - 4 മാസം.<br>പ്രവൃത്തി ആരംഭിച്ച തീയതി : 20.09.17<br>എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി - 31.03.2018<br>പൂർത്തീകരിച്ച തീ. - 02.02.2019<br>ഫൈനൽ ബിൽ തുക - 218837<br>ട്രഷറി ബിൽ നം.തീ. -44/18-19/19.03.19 | 250000 | 11 മാസം<br>2 ദിവസം | 7500 | 2188 | 5124 |
| | ആകെ | | | | | 10248 |

പി.ഡബ്ല്യു.ഡി. മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പിഴ ഈടാക്കാതിരുന്നതു മൂലമുള്ള നഷ്ടം (₹10248) ബന്ധപ്പെട്ട കരാറുകാരിൽനിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-32 ദീർഘകാലമായി നടപ്പിലാകാതെ അവശേഷിക്കുന്ന മരാമത്ത് പ്രവൃത്തി

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാരിക്കൽ കോളനിയിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. എസ്.സി.പി. ഫണ്ടിൽനിന്നും 43808 രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 900000 രൂപയും ഉൾപ്പടെ ആകെ 943808 രൂപയായിരുന്നു പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ഈ പ്രവൃത്തി 2017-18 വർഷം ടെണ്ടർ ചെയ്യുകയും ശ്രീ കെ. രവി, പാലചുവട്ടിൽ, അങ്ങാടിക്കൽ എന്ന കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട് (നം.58/AE/2017-18/KDMN, 27.03.18). പദ്ധതി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതി നടപ്പിലാകാതിരുന്നതിനാൽ പ്രവൃത്തിക്ക് ജില്ലാപഞ്ചായത്തിൽനിന്നും അനുവദിച്ച 900000 രൂപ പഞ്ചായത്തിന്റെ സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്.

കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ ജാമ്യനിക്ഷേപ തുക കണ്ട് കെട്ടേണ്ടതും, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി മറ്റ് വിധത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-33 പർച്ചേയ്സ് - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി പർച്ചേയ്സ് നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>വയോജനങ്ങൾക്ക് കട്ടിൽ - പട്ടികജാതി (പ്രോ.നം.129/2019)</u>

| | |
|---|---|
| അടങ്കൽ | 404550 (എസ്.സി.പി) |
| ചെലവ് | 404550 |
| ബിൽ നം/തീയതി, തുക | 176/19.12.2018, 282750 |
| | 215/17.01.2019, 121250 |
| ചെക്ക് നം/തീയതി, തുക | 2725981/17.01.2019, 550 |

വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി.പി) എന്ന പദ്ധതി പ്രകാരം 93 കട്ടിലുകൾ കാഡ്കോയിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 16.11.2017ലെ ജി.ഒ(ആർ.ടി) നം64/2017/എസ്.പി.ഡി ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങാവുന്ന ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ, വില എന്നിവ (ടി. ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ളത്). സപ്ലൈ ചെയ്തിട്ടുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷനും വിലയുമായി പൊരുത്തപ്പെടുന്നില്ല. പ്രസ്തുത ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ഫർണ്ണീച്ചറുകൾ മാത്രമേ ടെണ്ടർ നടപടി കൂടാതെ കാഡ്കോയിൽ നിന്നും ടെണ്ടറില്ലാതെ വാങ്ങാവൂ എന്ന് വ്യവസ്ഥ നിലനിൽക്കെ ആയതിന് വിരുദ്ധമായി ടെണ്ടർ നടപടിയില്ലാതെ ടി സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങിയത് ക്രമ പ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-30 തീയതി 29.08.2019) സമർപ്പിച്ച മറുപടിയിൽ കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണ്ണീച്ചറുകളല്ല വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെ വാങ്ങൽ നടത്തുന്ന പ്രവണത ഭാവിയിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്. ടി. വിഷയത്തിൽ ഭരണസമിതിയുടേയും നിർവ്വഹണോദ്യോഗസ്ഥന്റേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

2) <u>പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് (പ്രോ.നം. 5/2019)</u>

| | | |
|---|---|---|
| അടങ്കൽ | 489000 (എസ്.സി.പി) | |
| ചെലവ് | 488250 | |
| തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ | ബിൽ നം/തീയതി, തുക | ചെക്ക് നം/തീയതി തുക |
| | 116/08.11.2018, 112500 | 2725949/08.11.2018, 37500 |
| | 182/21.12.2018, 47250 | 2725970/21.02.2019, 15750 |

| | | |
|---|---|---|
| | | |
| | 272/23.02.2019, 56250 | 2072404/25.02.2019, 18750 |
| | 328/15.03.2019, 99000 | 2072425/16.03.2019, 33000 |
| | 386/27.03.2019, 51000 | 2072438/27.03.2019, 17250 |

പദ്ധതിയിൽ 3000 രൂപ നിരക്കിൽ 163 വാട്ടർ ടാങ്കുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു.

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന്റെ പേര് | വാട്ടർ ടാങ്ക് സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|
| സെൽസർ പോളിമേഴ്സ് | കാവേരി 500 ലിറ്റർ ഐ.എസ്.ഐ 19.5 Kg 10വർഷ വാറന്റി | 3000 |
| | കാവേരി 500 ലിറ്റർ ഐ.എസ്.ഒ | 2000 |
| അരുൺ പോളിമേഴ്സ് | ലോട്ടസ് ഗോൾഡ് 500 ലിറ്റർ ഐ.എസ്.ഐ 18 Kg 10വർഷ വാറന്റി | 2800 |
| | അക്വാ ലിങ്ക്സ്-ഐ.എസ്.ഒ (വൈറ്റ്) 10വർഷ വാറന്റി | 2478 |
| | അക്വാ ലിങ്ക്സ്-ഐ.എസ്.ഒ (ബ്ലാക്ക്) 10വർഷ വാറന്റി | 2000 |
| | അരുൺ എക്സൽ- ഐ.എസ്.ഒ- 10വർഷ വാറന്റി | 1495 |
| വിക്ടോറിയ പോളി ഫോം | ഓഷ്യൻ ഐ.എസ്.ഐ 18 Kg 10വർഷ വാറന്റി | 2975 |
| | ഓഷ്യൻ ഐ.എസ്.ഒ 12.5 Kg 10വർഷ വാറന്റി | 2650 |
| | ക്ലാസ്സിക്ക് ഐ.എസ്.ഒ 10.25 Kg 10വർഷ വാറന്റി | 1500 |
| | ത്രിവേണി ഐ.എസ്.ഒ 9.25 Kg 10വർഷ വാറന്റി | 2000 |

എന്നാൽ ഏറ്റവും ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സെൽസർ പോളിമേഴ്സിന്റെ കൂടിയ നിരക്കിലുള്ള വാട്ടർ ടാങ്ക് പർച്ചേയ്സ് ചെയ്യുന്നതിന് തീരുമാനിക്കുകയാണുണ്ടായത്. ടെണ്ടറിൽ 500 ലിറ്റർ വാട്ടർ ടാങ്ക് ഐ.എസ്.ഐ./ ഐ.എസ്.ഒ. മാർക്കോട് കൂടിയത് എന്ന് മാത്രമാണ് മാനദണ്ഡം രേഖപ്പെടുത്തിയിട്ടുള്ളത്. ക്വാളിറ്റി സംബന്ധിച്ച് മറ്റൊരു മാനദണ്ഡവും ഉൾപ്പെടുത്താതെ ടെണ്ടർ ക്ഷണിക്കുകയാണുണ്ടായത്. ആയതിനാൽ ഗുണമേന്മാ പരിശോധന നടത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല. പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയില്ല. വിവിധ സ്ഥാപനങ്ങളുടെ വാട്ടർ ടാങ്കുകളുടെ ക്വാളിറ്റി, വില എന്നിവ സംബന്ധിച്ച കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റിൽ നിർവ്വഹണോദ്യോഗസ്ഥൻ യാതൊരു വിധ അഭിപ്രായവും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ ഉയർന്ന നിരക്ക് അംഗീകരിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിലും പ്രസ്തുത പർച്ചേയ്സ് സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-30 തീയതി 29.08.2019) സമർപ്പിച്ച മറുപടിയിൽ ടാങ്കുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കി പരിശോധനാ വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് കൂടിയ നിരക്കിലെ വാട്ടർ ടാങ്ക് വാങ്ങുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതെന്നുമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ അപ്രകാരമൊരു പരിശോധനാ റിപ്പോർട്ട് മറുപടിയോടൊപ്പവും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി വിശദീകരണം അംഗീകരിക്കാൻ കഴിയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മിറ്റി മിനിട്ട്സിലും ഗുണമേന്മാ പരിശോധന സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും ഇല്ലാത്ത സാഹചര്യത്തിൽ മാനദണ്ഡങ്ങൾ പാലിച്ചല്ല പർച്ചേയ്സ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. മേൽ കാരണങ്ങളാൽ ചെലവ് സുതാര്യമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു . ഭാവിയിൽ ഇപ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടേയും നിർവ്വഹണോദ്യോഗസ്ഥന്റേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-34 വൗച്ചറുകളുടെ പരിശോധന – വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്ന ചെലവുകൾ

ചുവടെ ചേർക്കുന്ന ചെലവുകൾ അതിനെതിരെ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം./ തീയതി | തുക | ചെലവിന്റെ വിവരം | ചെലവ് തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|---|
| 1 | 21800270/06 | 2833990 12.06.18 | 180000 | ആരോഗ്യ ജാഗ്രത ശുചീകരണം - ശുചിത്വമിഷൻ ഫണ്ട് വാർഡ് ഒന്നിന് 10000 രൂപ വീതം 18 വാർഡുകളിലേക്ക് നൽകിയത് | 18 വാർഡുകൾക്കും തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രവും ചെലവ് രേഖകളും ഹാജരാക്കിയിട്ടില്ല. |
| 2 | 21800281/06 | 217437 14.06.18 | 6930 | ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഓഫീസും പരിസരവും വിട്ടുകിട്ടിയ സ്ഥാപനങ്ങളും പരിസരവും വൃത്തിയാക്കിയതിന്റെ വേതനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെലവ് അംഗീകരിച്ചിട്ടുള്ളതും തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ അംഗീകരിച്ചിട്ടുള്ളതുമാണെന്ന് മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല |
| 3 | 21800552/08 | 838026 18.08.18 | 5000 | വെള്ളപ്പൊക്ക ദുരിതാശ്വാസ ചെലവിനായി അഡ്വാൻസ് എടുത്തത് | മുൻകൂർ ക്രമീകരിച്ചില്ല |
| 4 | 21800637/09 | 838052 22.09.18 | 10000 | കെപ്കോ വനിതാമിത്രം പദ്ധതി വിതരണ ഉദ്ഘാടനം - സ്റ്റേജ്, കസേര വാടക, മൈക്ക് സെറ്റ് ചാർജ്ജ് - കൃഷ്ണ ഡെക്കറേഷൻസിന് നൽകിയത് | അസാധരണ ചെലവ് ചട്ടങ്ങൾ പാലിച്ചില്ല |
| 5 | 21800645/09 | 838055 22.09.18 | 2000 | -ടി- ഉദ്ഘാടനത്തിന് ടാർപ്പ വാടകയ്ക്ക് എടുത്തതിന്റെ തുക | ടി |
| 6 | 21800791/ 11 | 838082 01.11.18 | 9996 | ഓഫീസ് വാഹനത്തിന്റെ റിപ്പയറിംഗ് | മെക്കാനിക്കൽ എഞ്ചിനീയറിൽനിന്നും Essentiality Certificiate വാങ്ങിയിട്ടില്ല. |
| | ആകെ | | 213926 | | |

ആവശ്യമായ രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-35 മാലിന്യ നിർമ്മാർജ്ജന ചെലവ് -നടപടിക്രമങ്ങളിലെ വീഴ്ച

കൊടുമൺ മാർക്കറ്റിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനായി 2018-19 വർഷം താഴെപ്പറയും പ്രകാരം തുകകൾ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ശ്രീ.പ്രസാദ് കുമാറിന് നൽകിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന ചെലവുകൾ ആവർത്തന സ്വഭാവമുള്ളതും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതുമായതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് ചെലവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരമല്ല ചെലവ് നടന്നിട്ടുള്ളത്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ചെക്ക് നം., തീയതി | തുക |
|---|---|---|
| 21800072/04-18 | 217382/24.04.2018 | 4500 |
| 21800149/05-18 | 2170404/16.05.2018 | 4500 |
| 21800294/06-18 | 217444/19.06.2018 | 4500 |
| 21800374/07-18 | 745426/11.07.2018 | 4500 |
| 21800508/08-18 | 838015/19.08.2018 | 4500 |
| 21800646/09-18 | 838056/22.09.2018 | 6000 |
| 21800741/10-18 | 838075/22.10.18 | 6000 |
| 21800835/11-18 | 838000/15.11.18 | 6000 |
| 21800912/12-18 | 334056/06.12.18 | 6000 |
| 21801098/01-19 | 334080/10.01.19 | 6000 |
| 21801279/02-19 | 334119/15.02.19 | 6000 |
| 21801420/03-19 | 741944/13.03.19 | 4600 |

വാഹനം ഓടിയത് സംബന്ധിച്ച് ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ യാത്രാ വിവരങ്ങൾ രേഖപ്പെടുത്താതെ മാലിന്യം സംബന്ധിച്ച് ലോഡിന്റെ എണ്ണം എഴുതി 200രൂപ നിരക്കിൽ കണക്കാക്കി തുക കൈപ്പറ്റുകയാണുണ്ടായത്. ക്വട്ടേഷൻ ക്ഷണിക്കാതെയും കൃത്യമായ യാത്രാ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാതെ തുക നൽകിയിട്ടുള്ളത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുള്ള കൃത്യ വിലോപമാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് വരും വർഷങ്ങളിൽ ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ചെലവ് രേഖകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. ടി. വിഷയത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 അംഗൻവാടി വർക്കർമാർക്ക് ഹോണറേറിയം നൽകുന്നതിന് വികസനഫണ്ട് (എസ്.സി.പി) ചെലവഴിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകുന്നതിന് വികസനഫണ്ട് (എസ്.സി.പി) ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽനമ്പർ/ തീയതി |
|---|---|---|---|
| 12,അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുംഹോണറേറിയം നൽകൽ | 219000 | 1) 196192<br>2) 22808 | 20/10.12.18<br>21/11.12.18 |
| | | 219000 | |

പതിമൂന്നാംപഞ്ചവത്സരപദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ (സ.ഉ(കൈ)നമ്പർ 11/2018/ത.സ്വ.ഭ.വ, തീയതി 29.01.18) ഖണ്ഡിക6ൽ പ്രത്യേക വിഭാഗങ്ങൾക്കും പ്രത്യേക മേഖലകൾക്കുമുള്ള പദ്ധതികളെപ്പറ്റി വിവരിക്കുന്നു. പട്ടികജാതിവിഭാഗക്കാരുടെ സാമ്പത്തികവികസനം, സാമൂഹികവികസനം, പശ്ചാത്തലസൗകര്യവികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം. യുവതീയുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽനേടൽ, സ്വയംതൊഴിലുകൾ എന്നിവക്ക് സഹായധനം നൽകൽ, തൊഴിൽപരിശീലനങ്ങൾ, കായികവികസനം, വരുമാനവർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കുക കുട്ടികളുടേയും വയോജനങ്ങളുടേയും ക്ഷേമപ്രവർത്തനങ്ങൾ എന്നിവക്കും എസ്സ്.സി.പി ഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ് എന്നു സൂചിപ്പിക്കുന്നു. പട്ടികജാതി വിഭാഗത്തിന്റെ വ്യക്തിഗത, ഗ്രൂപ്പ് തലത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും പശ്ചാത്തല സൗകര്യവികസനത്തിനും എസ്സ്.സി.പി ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

എന്നാൽ ഇതിനു വിരുദ്ധമായി ഫണ്ടിന്റെ ചെലവ്ശതമാനം ഉയർത്തുന്നതിന് മാത്രമായി ഇത്തരം പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഉപപദ്ധതിഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാകുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-37 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ നം/ തീയതി, മരുന്നുകൾക്കായി ചെലവഴിച്ച തുക | ഏജൻസി | മരുന്നുകൾ ലഭ്യമാകാത്തത് (രൂപയിൽ) |
|---|---|---|---|---|---|---|
| 1 | 54/2019 | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ | 700000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) | 86/29.09.2018 697500 350/21.03.2019 2477 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 332456 |
| 2 | 55/2019 | പാലിയേറ്റീവ് കെയർ | 10000(വികസന ഫണ്ട്-ജനറൽ)+ 600000(ജില്ലാ പഞ്ചായത്ത് വിഹിതം) | 6616684/ 01.10.2018 95600 | -ടി- | 13530 |
| ആകെ | | | | | | 345986 |

ടി. മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-38 ഹരിത കർമ്മ സേനയുടെ പ്രവർത്തനം സുസംഘിടതമാക്കിയില്ല

ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഒരോ പ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ ഉടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന

മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സുസംഘിടതമാക്കുന്നതിനോ, ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയത്സ് കളക്ഷൻ സെന്ററുകൾ (MCF) സ്ഥാപിക്കുന്നതിനോ പഞ്ചായത്തിന് ഇതുവരെ സാധിച്ചിട്ടില്ല. ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ ഷ്രഡ് ചെയ്ത് വിപണനം നടത്തുന്നതിലേക്ക് 982943/- രൂപ ചെലവഴിച്ച് 2017-18 വർഷം വാങ്ങിയിട്ടുള്ള ഷ്രഡിംഗ് മെഷീൻ നിലവിൽ ഒരു സ്വകാര്യ ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള താൽക്കാലിക ഷെഡിൽ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് 2017-18, 2018-19 വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിച്ച് ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും തുക ചെലവഴിക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഉദ്ദേശിച്ച പ്രകാരം നടക്കുന്നില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സുസംഘിടതമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 കണ്ടം ചെയ്ത ട്രാക്ടർ ലേലം ചെയ്തില്ല

കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL3E 6921 നമ്പർ ട്രാക്ടർ ഉപയോഗയോഗ്യമല്ലാതെയായ തിനാൽ ആയതിന്റെ മൂല്യനിർണ്ണയം നടത്തി, പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കി ലേലം ചെയ്യുന്നതിന് 16.07.2012 ലെ 4(17) നം തീരുമാനപ്രകാരം ഭരണ സമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18.12.2012 ൽ PWD മെക്കാനിക്കൽഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 125000 രൂപ മൂല്യ നിർണ്ണയം നടത്തി നല്കുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ അനുവാദം ലഭ്യമാകാത്തതിനാൽ ആയത് പ്രകാരം ലേലം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ടി കാലയളവിന് ശേഷം നടന്ന വിവിധ ഓഡിറ്റുകളിൽ ഇത് സംബന്ധിച്ച് പരാമർശം ഉണ്ടാകുകയും, അടിയന്തിരമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2012-ലെ മൂല്യമനുസരിച്ച് ലേല നടപടികൾ നടത്തുന്നതിന് സാധിക്കാത്തതിനാൽ പ്രസ്തുത വാഹനം ലേലം ചെയ്യുന്നതിനായി നിലവിലെ മൂല്യനിർണ്ണയം നടത്തി നല്കുന്നതിന് PWD മെക്കാനിക്കൽ ഡിവിഷനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിരുന്നു (തീരുമാനം നം.7/14.03.19). എന്നാൽ പ്രസ്തുത തീരുമാനം നാളിതുവരെ നടപ്പിക്കിയിട്ടില്ല. ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 സേവന നികുതി ഒടുക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ സേവന നികുതി 375774/- രൂപ നാളിതുവരെ ഒടുക്കവരുത്താതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു. ആയത് ഒടുക്കവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 2-1 പറമ്പിൽപടി - പാണൂർ ഗുരുമന്ദിരം റോഡ് റീടാറിംഗ് (S0168/19) - ബാരൽ വില ഈടാക്കിയില്ല – പഞ്ചായത്ത് ഫണ്ടിന് 8430 രൂപയുടെ നഷ്ടം

2018-19 വർഷം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപയും ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 8430 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | പ്രവൃത്തിക്ക് ഉപയോഗിച്ച | കാലി | ബാരൽ | ബാരൽ |
|---|---|---|---|---|

| | ബിറ്റുമിന്റെ അളവ് | ബാരലുകളുടെ എണ്ണം | വില | വില |
|---|---|---|---|---|
| പാണ്ടൂർ ഗുരുമന്ദിരം റോഡ് ടാറിംഗ് (S0168/19<br>അടങ്കൽ - ₹503000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്)<br>കരാറുകാരന്റെ പേര് - ശ്രീ ബി. ബാലചന്ദ്രൻ നായർ<br>ഫൈനൽ ബിൽ തുക - ₹501867<br>ട്രഷറി ബിൽ നം., തീ. -40/22.08.19<br>എം.ബുക്ക് നം. - 40/18-19 | 4616.327 kg.<br>(S-65) | 30 | 281 | 8430 |

ബാരൽ വില ഇനത്തിലുള്ള തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അംഗീകരിച്ച ടെണ്ടറിലെ നിരക്കിൽ അധികം തുക നല്കി വാങ്ങൽ നടത്തിയ ഇനത്തിൽ 37440 രൂപ നഷ്ടം

പ്രോ.നം.-S00134/19 ട്രഷറി ബിൽ നം./തീ.6/18-19/23.05.2018

ചെലവ്-351360/- നിർവ്വഹണം-സെക്രട്ടറി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 352000 രൂപ വകയിരുത്തി സിംഗിൾ ട്യൂബ് സെറ്റ് വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവ് നടത്തിയിട്ടുള്ളത് 2018-19 വർഷമാണ്. ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. 22.12.17-ൽ ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച കിക്കോ ബിസിനസ് കോർപ്പറേഷൻ, അടൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് കമ്മിറ്റി അംഗീകരിച്ചത് (ക്രോംപ്റ്റൺ ബ്രാന്റ് സിംഗിൾ ട്യൂബ് സെറ്റ് - ₹975, ഫിറ്റിംഗ്സ് - ₹115). കുറഞ്ഞ രണ്ടാമത്തെ നിരക്ക് നിർദ്ദേശിച്ച തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, നാരങ്ങാനം എന്ന സ്ഥാപനം ഇതേ സാധനത്തിന് യഥാക്രമം ₹999-ഉം, ₹120-ഉം നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്.

29.03.2018-ലെ 177 നമ്പർ ഇൻവോയ്സ് പ്രകാരം ചുവടെ ചേർക്കും പ്രകാരം 288 സിംഗിൾ ട്യൂബ് സെറ്റുകളും, ഫിറ്റിംഗ്സും സപ്ലൈ ചെയ്ത ഇനത്തിൽ കിക്കോ ബിസിനസ് കോർപ്പറേഷന് 351360 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | വാങ്ങിയ സാധനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സിംഗിൾ ട്യൂബ് സെറ്റ് (ക്രോംപ്റ്റൺ 36/40W) | 288 | 975 | 280800 |
| 2 | ലൈറ്റ് ഫിറ്റിംഗ്സ് (Bend pipe, nut, bolt & clamp) | 288 | 245 | 70560 |
| | ആകെ | | | 351360 |

ബിൽ പ്രകാരം ലൈറ്റ് ഫിറ്റിംഗ്സിന് പഞ്ചായത്ത് അംഗീകരിച്ച നിരക്കായ 115 രൂപയ്ക്ക് പകരം 245 രൂപ നിരക്കാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. അംഗീകരിച്ച നിരക്കിൽ അധികം തുക നൽകിയ ഇനത്തിൽ 37440 രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

കൂടാതെ മേൽപറഞ്ഞ പ്രകാരം വാങ്ങിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി തുക ഒടുക്കുകയോ, ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി. അധികൃതരോ, ബന്ധപ്പെട്ട വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/05.08.2019) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച (351360) രൂപയിൽ നിരാകരിച്ച 37440 രൂപ കിഴിച്ച് ബാക്കി 313920/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ടെണ്ടർ വ്യതിയാനം ബില്ലിൽനിന്നും കുറവ് ചെയ്തില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പുല്ലംപ്ലാവിൽ നാൽക്കാലിക്കൽ പാലം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ നിന്നും ടെണ്ടർ കുറവ് ഇനത്തിൽ 1% തുക കുറവ് ചെയ്യാതിരുന്നതിനാൽ 2974 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 8.11.2018 തീയതിയിൽ നടന്ന ടെണ്ടറിൽ 1% കുറഞ്ഞ നിരക്കിലും, എസ്റ്റിമേറ്റ് നിരക്കിലുമുള്ള രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. അതിൽ 1% കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച ശ്രീ കെ.രവി, പാലച്ചുവട്ടിൽ, അങ്ങാടിക്കൽ എന്നയാൾക്കാണ് കരാർ നൽകിയത്. കരാറുകാരൻ 24.01.19-ൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചു. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 297400 രൂപയുടെ പ്രവൃത്തി നടത്തി (ട്രഷറി ബിൽ നം.32/11.03.2019) ഫൈനൽ ബിൽ തുകയിൽനിന്നും നികുതികളും, ക്ഷേമനിധി വിഹിതവും കുറവ് ചെയ്ത് (IT 1% - 2974, GST 2% - 5948, WF – 2974) 285504 രൂപ കരാറുകാരന് പ്രതിഫലം നൽകി. ടെണ്ടർ കുറവ് ഇനത്തിലുള്ള 1% തുക ബില്ലിൽനിന്നും കുറവ് ചെയ്തില്ല. ഈ ഇനത്തിലുള്ള നഷ്ടം (₹2974) ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|---|
| 2018-19 | 13.06.2019 – 15.06.2019 | കെ.എസ്.എ.പി.റ്റി.എ.പി1/602(52)/19 തീയതി 09.07.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 2500000 | കൊടുമൺ മാർക്കറ്റിൽ പൊതു ശുചിത്വാലയം (167/19) | 317852 | 2182148 |
| | | 3000000 | കൊടുമൺ മാർക്കറ്റ് നവീകരണം രണ്ടാംഘട്ടം (173/19) | 1131014 | 1868986 |
| | | 1000000 | കൊടുമൺ മാർക്കറ്റ് നവീകരണം മൂന്നാം ഘട്ടം (241/19) | 0 | 1000000 |
| | 2018-19 | 600000 | പാലിയേറ്റീവ് കെയർ (55/19) | 573130 | 26870 |
| | 2018-19 | 765000 | നെൽകൃഷി വികസനം - ജനറൽ (96/19) | 765000 | 0 |
| | 2018-19 | 1800000 | സുഭലം (187/19) | 1800000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1561293 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (ലൈഫ് പദ്ധതി - ജനറൽ) (72/19) | 1210233 | 351060 |
| | 2018-19 | 1541190 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (ലൈഫ് പദ്ധതി - പട്ടികജാതി ) (73/19) | 0 | 1541190 |
| | 2018-19 | 200000 | അങ്കണവാടി വഴിയുള്ള അനുപൂരക പോഷകാഹാര വിതരണം (8/19) | 200000 | 0 |
| | 2018-19 | 200000 | ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - പട്ടികജാതി (84/19) | 200000 | 0 |
| | 2018-19 | 900000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (38/19) | 648604 | 251396 |
| | 2018-19 | 600000 | ഒറ്റത്തേക്ക് സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് (252/19) | 0 | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 669767 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (ലൈഫ് പദ്ധതി - ജനറൽ) (72/19) | 669767 | 0 |
| | 2018-19 | 672566 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് (ലൈഫ് പദ്ധതി - പട്ടികജാതി ) (73/19) | 260000 | 412566 |
| | 2018-19 | 875500 | നെൽകൃഷി വികസനം - ജനറൽ (96/19) | 875500 | 0 |
| | 2018-19 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (38/19) | 500000 | 0 |
| ആകെ | | 17385316 | | 9151100 | 8234216 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 7 (എസ്.സി.പി.) - 227/19 | 77100 | 0 | ഇല്ല | 77100 |
| | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 360000 | 0 | ഇല്ല | 360000 |

| | | | | | |
|---|---|---|---|---|---|
| | (എസ്.സി.പി.) - 250/19 | | | | |
| കെ.എസ്.ഇ.ബി. | ചന്ദനപ്പള്ളി വാർഡിൽ പോസ്റ്റ് മാറ്റി വയ്ക്കൽ - 220/19 | 24527 | 0 | ഇല്ല | 24527 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.സി.പി.) - 228/18 | 98500 | 0 | ഇല്ല | 98500 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4364069 രൂപ വരവുണ്ട്. മുൻ ബാക്കി 0 രൂപയടക്കം 4364069 രൂപയിൽ 4364069 രൂപ വിനിയോഗിച്ചിട്ടുണ്ട്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ(എം.എസ്) 68/2018/LSGD | 4364069 | 0 | - | - | 4364069 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പിൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1996-97 | 2006-08 | 25 | പബ്ളിക്ക് കംഫർട്ട് സ്റ്റേഷനിലെ ടാങ്ക് നിർമ്മാണം, വി.ടി.സി. ഫണ്ട് ഉപയോഗിച്ച് പൊന്നെടുത്താംകുഴി മേലേതിൽ പടി ചന്ദനപ്പള്ളി കുരിശുമുക്ക് റോഡ് ഉദ്ധാരണം (1996-97 ഖണ്ഡിക നം-31, 33- തുകകൾ യഥാക്രമം 4993/-, 28350/-) | കോടതി വിധി പ്രകാരം റീ ഓഡിറ്റ് 15.10.2008-ൽ നടത്തിയിട്ടുള്ളതാണ്. എന്നാൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരാമർശങ്ങൾ അതേപടി നിലനില്ക്കുന്നു. ആയതിനാൽ ടി തുക ഒടുക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ കെ ജി കമലാസനന് 30.07.2015 ൽ കത്ത് നൽകിയിട്ടുണ്ട്. |
| 2002-03 | 2005-06 | 3-16 | കുടുംബശ്രീ ചെലവ് രേഖകൾ ഹാജരാക്കാത്തത് | റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

# 4-9 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| 2008-09 | 3-10 | വി.കെ.സുകുമാരൻ | LF/17443/B3/13, dtd. 04.12.2015 | 382500 | ഇല്ല | ഇല്ല | - | - | 382500 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

<u>എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120737750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85653917 |
| വരവിനങ്ങളിലുള്ള നഷ്ടം | 8430 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40414 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1224661 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-1 | 8430 | | ശ്രീമതി.ദീപ്തി എൽ. അസി.എഞ്ചിനീയർ |
| 3-1 | | 37440 | ശ്രീമതി.ദീപ്തി എൽ. അസി.എഞ്ചിനീയർ |
| 3-2 | | 2974 | ശ്രീമതി.ദീപ്തി എൽ. അസി.എഞ്ചിനീയർ |
| ആകെ | 8430 | 40414 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 352584 | ശ്രീ. ജോഷ്വാ ജേക്കബ്, സെക്രട്ടറി |
| 1-22 | 36791 | ശ്രീ. ജോഷ്വാ ജേക്കബ്, സെക്രട്ടറി |
| 1-24 | 307440 | ശ്രീ. ജോഷ്വാ ജേക്കബ്, സെക്രട്ടറി |
| 1-34 | 213926 | ശ്രീ. ജോഷ്വാ ജേക്കബ്, സെക്രട്ടറി |
| 3-1 | 313920 | ശ്രീ. ജോഷ്വാ ജേക്കബ്, സെക്രട്ടറി |
| ആകെ | 1224661 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോഷ്വാ ജേക്കബ് | സെക്രട്ടറി,<br>കൊടുമൺ ഗ്രാമ പഞ്ചായത്ത് | പാറമിറ്റത്ത് ചിറയിൽ ചെങ്ങമനാട്<br>പി.ഒ, കൊട്ടാരക്കര കൊല്ലം |
| ശ്രീമതി ദീപ്തി എൽ. | അസി.എഞ്ചിനീയർ,<br>കൊടുമൺ ഗ്രാമ പഞ്ചായത്ത് | വട്ടക്കുന്നിൽ ഹൗസ്, മന്നം നഗർ പി.ഒ<br>പെരുമ്പുളിക്കൻ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | എൽ.എഫ്.പിറ്റിഎ.പി.2/181/04 തീയതി 06.01.2005 | 2 |
| 1999-2000 | എൽ.എഫ്.പിറ്റിഎ.പി.2/224/04 തീയതി 03.02.2005 | 5 |
| 2000-2001 | എൽ.എഫ്.പിറ്റിഎ.പി.2/535/04 തീയതി 03.03.2005/13.03.2005 | 12 |
| 2001-2002 | എൽ.എഫ്.പിറ്റിഎ.പി.2/550/04 തീയതി 03.03.2005 | 4 |
| 2002-2003 | എൽ.എഫ്.പിറ്റിഎ.പി.2/818/04 തീയതി 06.04.2005 | 4 |
| 2003-2004 | എൽ.എഫ്.പിറ്റിഎ.പി.2/272/05 തീയതി 24.01.2006 | 9 |
| 2004-2005 | എൽ.എഫ്.പിറ്റിഎ.പി.10/1137/07 തീയതി 06.12.2018 | 11 |
| 2005-2006 | എൽ.എഫ്.പിറ്റിഎ.പി.10/708/09 തീയതി 25.03.2010/15.07.2011 | 6 |
| 2006-2007 | എൽ.എഫ്.പിറ്റിഎ.പി.10/838/10 തീയതി 11.01.2013 | 10 |
| 2007-2008 | എൽ.എഫ്.പിറ്റിഎ.പി.10/766/011 തീയതി 15.01.2013 | 8 |
| 2008-2009 | എൽ.എഫ്.പിറ്റിഎ.പി.10/767/11 തീയതി 16.12.2011/17.01.2013 | 8 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി.10/505/13 തീയതി 17.12.2013/07.01.2014 | 11 |
| 2011-12 | എൽ.എഫ്.പിറ്റിഎ.പി.10/506/13 തീയതി 17.12.2013/18.01.2014 | 23 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി.10/1086/14 തീയതി 06.05.2015/08.05.2015 | 21 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി.10/456/15 തീയതി 07.07.2015/21.07.2015 | 22 |
| 2014-15 | കെ.എസ്സ്.എ.പിറ്റിഎ/പി10/745/16 തീയതി 16.07.2016 | 9 |
| 2015-16 | കെ.എസ്സ്.എ.പിറ്റിഎ/പി10/95/17 തീയതി 31.03.2018 | 23 |
| 2016-17 | കെ.എസ്സ്.എ.പിറ്റിഎ/പി10/984/17 തീയതി 14.09.2017 | 18 |
| 2017-18 | നം.കെ.എസ്.എ.പി10/1298(എ)/2018, തീ: 16.10.2018 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം. കെ.എസ്.എ.പി.റ്റി.എ.പി10/ 783/ 19** **തീയതി: 10.10.2019**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഖ.1-11 ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## <u>AUDIT CERTIFICATE</u>

**No.KSAPTA.P10/783/19** **Dated: 10.10.2019**

Certified that I have Audited the Annual Financial Statement of **Kodumon Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994,

Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kodumon Grama Panchayat** for the year 2018-19 except the observations in para 1-11 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta